# LAITY VOICE

2015 JULY | Volume: 6 | No: 1














■5 ലക്ഷത്തിലേറെ വരിക്കാർ ■ലോകത്തെവിടെയും ഇ-മെയിലിലൂടെ എത്തിച്ചേരുന്നു. ■ ജനകീയ സാമൂഹ്യ കാർഷിക വിഷയങ്ങളിൽ ലെയ്റ്റി വോയ്സിന്റെ ശക്തമായ ഇടപെടലുകൾ പൊതുസമൂഹം ഏറ്റെടുത്തതിൽ അഭിമാനമുണ്ട്. ■പ്രതി സന്ധികളിലും തളരാതെയുള്ള പോരാട്ടം തുടരുന്നു ■ ക്രൈസ്തവ ഐക്യം ശക്തിപ്പെടുത്തുവാൻ ആഹ്വാനം ചെയ്യുന്നു

**LAITY VOICE**

## ക്രൈസ്തവ ജനതയുടെ മുഖപത്രമായി അഭിമാനത്തോടെ 6–ാം വർഷത്തിലേയ്ക്ക്

2010 ജൂലൈ 3ന് സെന്റ് തോമസ് ദിനത്തിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പായിരുന്ന അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് പ്രകാശനം ചെയ്ത ലെയ്റ്റി വോയ്സ് ഇ മാസിക 6–ാം വർഷത്തിലേയ്ക്ക് അഭിമാനപൂർവ്വം കടക്കുന്നു. അഞ്ചുവർഷത്തെ മാധ്യമശുശ്രൂഷയുടെ ചരിത്രപരമായ നന്മകൾ ഉൾക്കൊണ്ട് ക്രൈസ്തവർ എന്ന വിശാലമായ കാഴ്ചപ്പാടിൽ മുന്നേറേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. വിശ്വാസങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും പാരമ്പര്യ പൈതൃകങ്ങളിലും വ്യത്യസ്ഥതകൾ പുലർത്തുമ്പോഴും ക്രൈസ്തവർ എന്ന വിശാലമായ തുറവിയിൽ മാധ്യമശുശ്രൂഷയുടെ തലങ്ങളിൽ പ്രവർത്തിക്കുവാൻ നമുക്കാകുന്നില്ലെങ്കിൽ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് നാം പിന്തള്ളപ്പെടുമെന്നത് തിരിച്ചറിയുവാൻ വൈകിക്കൂടാ. 2001 ലെ സെൻസസ് പ്രകാരം 2.32 ശതമാനമുണ്ടായിരുന്ന ഭാരത ക്രൈസ്തവർ 2011 ലെ അനൗദ്യോഗിക കണക്കുപ്രകാരം 1.7 ശതമാനത്തിലേയ്ക്ക് താഴ്ന്നിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. സഭകൾക്കും സമൂഹത്തിനും നന്മകൾ വാരിവിതറി നിസ്വാർത്ഥ സേവനത്തിന്റെ മകുടോദാഹരണങ്ങളായ ഒട്ടേറെ വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സാമൂഹ്യസേവനപദ്ധതികളും ആതുരശുശ്രൂഷകളുമുള്ള ക്രൈസ്തവ സംഭാവനകൾ മികവുറ്റതാണ്. വിവിധ രാജ്യങ്ങളിൽ വിശ്വാസത്തിനായി ജീവൻ വെടിയേണ്ടിവന്ന പ്രിയപ്പെട്ടവരെ ഈയവസരത്തിൽ ഞങ്ങൾ സ്മരിക്കുന്നു. ഒറീസയിലെ കാണ്ടമാനുൾപ്പെടെ ഇന്ത്യയുടെ ഭാഗങ്ങളിൽ അക്രമത്തിനിരയായ ക്രൈസ്തവസഹോദരങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. പ്രതിസന്ധികളിൽ തളരുമ്പോഴും ഇന്ത്യയിലെ വിവിധ ക്രൈസ്തവവിഭാഗങ്ങൾ പരസ്പരം തുരുത്തുകളായി ഇടുങ്ങിയ ലോകത്തിലൂടെ ഇപ്പോഴും സഞ്ചരിക്കുകയല്ലേ? സഭാ അധികാരങ്ങളേയും പദവികളേയും ആദരിച്ചും ബഹുമാനിച്ചും സ്നേഹപൂർവം പറയട്ടെ ഭാരതത്തിലെ ക്രൈസ്തവ സമൂഹം പൊതുവായി നേരിടുന്ന പ്രശ്നങ്ങളിൽ എല്ലാം മറന്ന് ഒറ്റക്കെട്ടാകണം. ഭിന്നിപ്പുകളും അകൽച്ചകളും മറന്ന് സ്നേഹം പങ്കുവയ്ക്കാനാവുന്നില്ലെങ്കിൽ പിന്നെന്തു ക്രൈസ്തവീകത. സഹകരിച്ചും സംഘടിച്ചും മുന്നേറാൻ ഭാരത ക്രൈസ്തവനാകുന്നില്ലെങ്കിൽ വരും നാളുകൾ നമുക്ക് ദുഃഖദുരിതപൂർണ്ണങ്ങളാകും. വിശ്വാസിസമൂഹത്തിന് പുത്തനുണർവ് നൽകുവാൻ ക്രൈസ്തവ ഐക്യം ഇടനൽകും. ഇതിനൊരു ചാലകശക്തിയായി ലെയ്റ്റി വോയ്സ് പ്രവർത്തിക്കും. വിവിധ ക്രൈസ്തവ സഭാദ്ധ്യക്ഷന്മാരുടെ അനുഗ്രഹത്തോടെയും എല്ലാ ക്രൈസ്തവവിശ്വാസിസമൂഹത്തിന്റെയും നിർലോഭ സഹകരണത്തോടെയും ലെയ്റ്റി വോയ്സ് ക്രൈസ്തവ ഐക്യത്തിനായി 6–ാം വർഷത്തിൽ സമർപ്പിക്കപ്പെടുന്നു. സമാനതകളും അതിർവരമ്പുകളുമില്ലാതെ മാന്യവായനക്കാരും അഭ്യുദയകാംഷികളുമായ നിങ്ങൾ നൽകിയ നിരന്തര പ്രോത്സാഹനത്തിനും പങ്കുവയ്ക്കലുകൾക്കും ഒത്തിരി നന്ദി. ക്രൈസ്തവ ഒരുമയ്ക്കും കൂട്ടായ മുന്നേറ്റത്തിനും സ്നേഹപൂർവ്വം കൈകോർക്കാം. **–ചീഫ് എഡിറ്റർ**



*കാർഷിക മേഖലയോടുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അവഗണനയിൽ പ്രതിഷേധിച്ച് ദ പീപ്പിളിന്റെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ കളക്ടേറ്റ് മാർച്ചും പ്രതിഷേധ സമ്മേളനവും ഉദ്ഘാടനം ചെയ്ത് തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ ജോർജ് ഞരളക്കാട്ട് സംസാരിക്കുന്നു.*

**കേരളത്തിലെ ജനസംഖ്യ മൂന്നുകോടി മുപ്പത്തിനാലുലക്ഷത്തോളം. സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റ് 2015-16 പ്രകാരം സർക്കാർ ശമ്പളം ലഭിക്കുന്നവർ 511,487. പെൻഷൻതുക പറ്റുന്നവർ 459432. കാർഷികാദായ നികുതി, ഭൂനികുതി, രജിസ്ട്രേഷൻ, എക്സൈസ്, വിൽപ്പന നികുതി (വാറ്റ്), വാഹന നികുതി, വൈദ്യുതി നികുതി, ഇതരവിഭാഗങ്ങളിലൂടെ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വരുമാനം ആകെ 45,428 കോടി. ശമ്പളച്ചെലവ് 26,667 കോടി. പെൻഷൻതുക 13,172 കോടി. കടമെടുത്ത തുകയ്ക്കുള്ള പലിശ 10,952. ശമ്പളം+പെൻഷൻ+പലിശ=50,791 കോടി. ചുരുക്കിപ്പറഞ്ഞാൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി നികുതി വരുമാനം കൂടാതെ 5,309 കോടി രൂപ കണ്ടെത്തേണ്ട ഗതികെട്ട അവസ്ഥയിൽ നിൽക്കുന്ന സർക്കാരാണ് ജീവനക്കാരുടെ ശമ്പളപരിഷ്കരണ ശുപാർശകൾക്കുമുമ്പിൽ തലയാട്ടിനിൽക്കുന്നത്. കേന്ദ്രനികുതി വരുമാനം, കേന്ദ്ര പ്ലാൻ ഫണ്ട്, ധനകാര്യകമ്മീഷൻ വരവ്, ലോട്ടറി, ലോട്ടറിയേതര വരുമാനം എന്നിവയുൾപ്പെടെ ആകെ വരുമാനം 77,427 കോടിയെങ്കിൽ ആകെ ചെലവ് 85,259 കോടി. ഒന്നരശതമാനം ഉദ്യോഗസ്ഥ തമ്പ്രാക്കൾക്കായി 98.5 ശതമാനം ജനങ്ങളുടെമേൽ അധിക നികുതിഭാരം അതിക്രൂരമായി അടിച്ചേൽപ്പിക്കുമ്പോൾ ജനപ്രതിനിധികളും രാഷ്ട്രീയ നേതൃത്വങ്ങളും നോക്കുകുത്തികളായി വീതംപറ്റുന്നവരാകുന്നു. പൊതുജനസേവനത്തിന്റെ മറവിൽ പൊതുസമ്പത്ത് കൊള്ളയടിച്ച് പൊതുസമൂഹത്തെ ചൂഷണംചെയ്യുന്നവരോ ഇന്നിന്റെ പൊതുപ്രവർത്തകർ?**

# അധികാരത്തിന്റെ അകത്തളങ്ങളിലൂടെ നികുതിപ്പണം ഒഴുകുന്നതെങ്ങോട്ട് ?

"കേരളം വൻ സാമ്പത്തിക പ്രതിസന്ധിയിൽ, ട്രഷറി ഏതുനിമിഷവും പൂട്ടപ്പെടും, ഖജനാവ് കാലി, കടമെടുക്കാതെ മുന്നോട്ടുനീങ്ങുവാൻ നിവൃത്തിയില്ല, കേന്ദ്രസർക്കാർ കേരളത്തെ അവഗണിക്കുന്നു, നികുതി വർദ്ധിപ്പിക്കാതെ ഇനി രക്ഷയില്ല, പണമില്ലാതെ പദ്ധതികളെല്ലാം അവതാളത്തിൽ". കേരളം മാറിമാറിഭരിക്കുന്ന മുന്നണികൾ തുടർച്ചയായി ജനങ്ങളുടെ മുമ്പിൽ വിളിച്ചുപറയുന്ന സ്ഥിരം പരാധീനതകളും പല്ലവികളുമാണ് മേൽ സൂചിപ്പിച്ചിരിക്കുന്നത്.

വാസ്തവത്തിൽ നാം ഖജനാവിലേയ്ക്കടക്കുന്ന നികുതിപ്പണം എവിടെപ്പോകുന്നുവെന്ന് ഇതിനോടകം എത്രപേർ അന്വേഷിച്ചിട്ടുണ്ട്. രാഷ്ട്രീയ ഭരണനേതൃത്വങ്ങളും ഉദ്യോഗസ്ഥവൃന്ദങ്ങളും ചേർന്നു നടത്തുന്ന ഒട്ടേറെ അഴിമതി പുരാണങ്ങൾ വാർത്താമാധ്യമങ്ങളിൽ നിത്യേന മിന്നിമറയുന്നു. പക്ഷേ **നിയമത്തിന്റെ സുരക്ഷിത വലയത്തിലൂടെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന നികുതിവരുമാനത്തെ വീതംവെച്ചെടുക്കുന്ന നികൃഷ്ടവും നീചവുമായ സർക്കാർ വക തട്ടിപ്പുകളുടെ പിന്നാമ്പുറങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് തളർന്നുകൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമ്പത്തിക അടിത്തറയെ തകർക്കുന്ന ശക്തികളാരെന്ന് നമ്മൾ തിരിച്ചറിയുന്നത്.** ഇതു നാം നിരന്തരം കേൾക്കുന്ന രാഷ്ട്രീയ അഴിമതിയുടേയും സർക്കാർ സംവിധാനങ്ങളുടെ അടിത്തട്ടുമുതൽ സെക്രട്ടേറിയറ്റിന്റെ ഉന്നതസിംഹാസനങ്ങൾ വരെയുള്ള കൈക്കൂലിക്കഥകളേയും കടത്തിവെട്ടുന്ന സാമ്പത്തിക വിലപേശലാണ് സംഘടിത പൊതുസേവകർ നടത്തുന്നത്.

## സർക്കാർ ശമ്പളവും പെൻഷനും നേടുന്നവർ

| | |
|---|---|
| സർക്കാർ ജീവനക്കാർ | 371291 |
| സർക്കാർ ശമ്പളംപറ്റുന്ന അദ്ധ്യാപകർ | 140196 |
| ആകെ ജീവനക്കാർ | 511487 |
| സർവീസ് പെൻഷൻകാർ | 237780 |
| ഫാമിലി പെൻഷൻ | 93015 |
| മറ്റു പെൻഷൻകാർ | 128637 |
| ആകെ പെൻഷൻകാർ | 459432 |

സംസ്ഥാനത്തെ 3 കോടിയിലേറെ ജനങ്ങളിൽ നിന്ന് എത്തിച്ചേരുന്ന നികുതിപ്പണം എവിടേയ്ക്ക് ഒഴുകിപ്പോകുന്നുവെന്നത് ജനങ്ങളെ അറിയിക്കേണ്ടത് മാധ്യമധർമ്മത്തിന്റെ ഭാഗമാണെന്ന് ലെയ്റ്റി വോയ്സ് കരുതുന്നു. സാമൂഹിക പ്രതിബദ്ധതയേറുന്ന ഈ ഉത്തരവാദിത്വത്തിലേയ്ക്ക്. സമൂഹത്തെ സത്യങ്ങൾ ബോധിപ്പിക്കുവാൻ കടമയും ബാധ്യതയുമുള്ള ഇതരമാധ്യമങ്ങളും കടന്നുവരണം.

5,11,487 സർക്കാർ ശമ്പളം പറ്റുന്ന ജീവനക്കാർ നികുതിപ്പണത്തിന്റെ സിംഹഭാഗവും കൈവശപ്പെടുത്തുന്നുവെന്ന് ഞങ്ങൾ തെളിവുകൾ സഹിതം ഉറപ്പിക്കുന്നു. സംഘടിത ന്യൂനപക്ഷമായ "public servants" ജനപ്രതിനിധികളെയും രാഷ്ട്രീയ ഭരണാധികാരികളേയും വിരൽത്തുമ്പിൽ നിർത്തി ജനങ്ങളെ കൊള്ളയടിക്കുന്നുവെന്ന് ഞങ്ങൾ പറയുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സർവ്വെയും, ബജറ്റ് എസ്റ്റിമേറ്റും, സംസ്ഥാന ബജറ്റും അടിസ്ഥാനപ്പെടുത്തിയാണ്.

## സംസ്ഥാന നികുതികൾ 2015-16

(കോടി രൂപയിൽ)

| | |
|---|---|
| കാർഷികാദായ നികുതി | 28 |
| ഭൂനികുതി | 138 |
| രജിസ്ട്രേഷൻ | 4312 |
| എക്സൈസ് | 2600 |
| വിൽപ്പന നികുതി (VAT) | 34712 |
| വാഹന നികുതി | 3087 |
| വൈദ്യുതി നികുതി | 189 |
| മറ്റുള്ളവ | 362 |
| ആകെ സംസ്ഥാന നികുതിവരുമാനം | 45428 |

## ഇതരവരുമാനങ്ങൾ

(കോടി രൂപയിൽ)

| | |
|---|---|
| ലോട്ടറി വരുമാനം | 6367 |
| ലോട്ടറിയേതര വരുമാനം | 2564 |
| കേന്ദ്രനികുതി വരുമാനം | 13122 |
| കേന്ദ്ര പ്ലാൻ ഫണ്ട് | 4383 |
| ധനകാര്യകമ്മീഷൻ വരവ് | 5563 |
| ആകെ വരുമാനം | 77427 |

കാർഷികമേഖലയേയും വികസനപദ്ധതികളേയും അവഗണിച്ചു ഭൂരിപക്ഷമായ അസംഘടിത ജനവിഭാഗങ്ങളെ തള്ളിപ്പറഞ്ഞ് ന്യൂനപക്ഷവും സംഘടിതരുമായ സർക്കാർ ശമ്പളജനവിഭാഗത്തിന്റെ വീതം പറ്റി ജീവിക്കുന്നവരാണ് രാഷ്ട്രീയം ഉപജീവനമാക്കിയിരിക്കുന്ന പല പൊതുപ്രവർത്തകരുമെന്ന് വേദനയോടെ പറയേണ്ടിവരുന്നു.

കർഷകരുടെയും ദരിദ്രരുടെയും പക്ഷത്തുനിന്ന് ഞങ്ങൾ ചില സാമ്പത്തിക സന്ദേഹങ്ങളുയർത്തട്ടെ. അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിന്റെ പ്രതിമാസ വരുമാനമായി ഗ്രാമപ്രദേശങ്ങളിൽ 5270 രൂപയും നഗരപ്രദേശങ്ങളിൽ 6770 രൂപയും ലഭിക്കുന്നില്ലെങ്കിൽ അവരെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ബിപിഎൽ കുടുംബങ്ങളായി പരിഗണിക്കപ്പെടുമല്ലോ. അങ്ങനെ 20.66 ലക്ഷം ദരിദ്രകുടുംബങ്ങളാണ് കേരളത്തിലുള്ളതെന്നാണ് അവസാനം ലഭ്യമായ കണക്കുകൾ. ഈ ദരിദ്രകുടുംബങ്ങളിൽ കർഷകരെ ഉൾപ്പെടുത്തിയിട്ടില്ല. അതിനുള്ള പ്രധാന കാരണം അവൻ ഒരേക്കറിന്റെയെങ്കിലും ഉടമസ്ഥനാണെന്നുള്ളതാണ്.

## കേരളത്തിൽ എത്ര കർഷക കുടുംബങ്ങൾ

### വിസ്തീർണ്ണത്തെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ കൃഷിയിടങ്ങൾ

| | എണ്ണം | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|
| ഒരു ഹെക്ടറിൽ താഴെ | 65,80000 | 886000 |
| 1.00 മുതൽ 1.00 ഹെക്ടർ വരെ | 1,80,000 | 282000 |
| 2.00 മുതൽ 3.99 ഹെക്ടർ വരെ | 57000 | 159000 |
| 4.00 മുതൽ 9.99 ഹെക്ടർ വരെ | 120000 | 64000 |
| 10 ഹെക്ടറിൽ അധികം | 2000 | 1,20,000 |
| ആകെ | 6831000 | 1511000 |

*(source: Economic Review State Planning Board 2015)*

2 ഹെക്ടറിൽ താഴെ റബർകൃഷിയുള്ള 11.71 ലക്ഷം കർഷകർ കേരളത്തിലുണ്ട്. അവരുടെ കൈവശം 5.53 ലക്ഷം ഹെക്ടർ റബർകൃഷിയുമുണ്ട്. ഒരേക്കറിൽ നിന്നും 600 കിലോ റബർ ഉല്പാദനം ഒരു വർഷം പ്രതീക്ഷിക്കാം. 120 രൂപാവച്ച് വാർഷിക വരുമാനം 72000 രൂപ. വെട്ടുകൂലിയും പരിചരണവുമായി 30,000 രൂപ ചിലവാകും. അപ്പോൾ വാർഷിക വരുമാനം 42,000 രൂപ. പ്രതിമാസവരുമാനം കേവലം 3500 രൂപ മാത്രം. സത്യത്തിൽ റബർ മുതലാളിമാരെന്നു നാം വിളിക്കുന്ന റബർ കർഷകർ ദാരിദ്ര്യരേഖയ്ക്കുതാഴെ മാത്രം വരുമാനം ലഭിക്കുന്നവരാണ്. നിലവിലെ വിലയിൽ റബർ കർഷകരെ ബിപിഎൽ കുടുംബങ്ങളാക്കേണ്ടതല്ലേ?

**(കോടി രൂപയിൽ)**

**സംസ്ഥാന നികുതിവരുമാനം..................45428**
**ശമ്പള ചിലവ്..........................................26667**
**പെൻഷൻ.................................................13172**
**പലിശ......................................................10952**
**ശമ്പളം+പെൻഷൻ+പലിശ.....................50971**

ഇതിലും കഷ്ടമാണ് നെൽകർഷകരുടെ സ്ഥിതി. ഒരേക്കർ നെൽകൃഷിയിൽ നിന്നും 1000 കിലോ നെല്ല് ലഭിക്കാം. നിശ്ചിത 19 രൂപ വിലപ്രകാരം ഒരു കൃഷിക്ക് ലഭിക്കുന്നത് 19,000 രൂപ. കൃഷിച്ചെലവ് 10,000 രൂപ മുതൽ 12,000 രൂപ വരെ. കർഷകന്റെ അദ്ധ്വാനം വേറെ. കർഷകനു ലഭിക്കുന്ന വാർഷിക വരുമാനം 7000 മുതൽ 9000 രൂപ മാത്രം. പ്രതിമാസവരുമാനം ഏതാണ്ട് 700 രൂപ മാത്രം. ഈ കർഷകന് എങ്ങനെ ഒരു കുടുംബത്തെ പോറ്റാനാവും? ഇത് റബറിന്റെയും നെല്ലിന്റെയും മാത്രം കാര്യമല്ല, കാർഷിക മേഖലയുടെ മൊത്തത്തിലുള്ള ഒരു ഏകദേശ ചിത്രമാണ്.

ഉൽപ്പന്നങ്ങളുടെ വില കുത്തനെ ഇടിഞ്ഞപ്പോഴും കാർഷിക മേഖലയിലെ പണിക്കൂലിയുൾപ്പെടെ ചെലവുകൾ കുത്തനെ കൂടിക്കൊണ്ടിരിക്കുന്നു. വിലകുറയുന്നതിനനുസരിച്ച് ഇവ കുറയുന്നില്ല. പണിക്കൂലി താങ്ങാനാവാത്തതിനാൽ മിക്കവരും കാർഷികമേഖലയിൽ തൊഴിലാളികളെ ഉപയോഗിക്കാറില്ല. 2005ൽ 166 രൂപയായിരുന്ന കാർഷിക തൊഴിലാളിയുടെ കൂലി 2014ൽ 500 ആയി ഉയർന്നു. ഈ നിരക്കിൽ പണിയെടുപ്പിച്ച് കാർഷികമേഖല ആദായകരമാക്കാനാവില്ല. നിത്യോപയോഗ സാധനങ്ങളുൾപ്പെടെ അവശ്യവസ്തുക്കളുടെ വില കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്ര സംസ്ഥാനങ്ങളിൽ കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമാണ്. കേരളത്തിലെ വൈദ്യുതി നിരക്കുകൾ അയൽ സംസ്ഥാനങ്ങളേക്കാൾ ഇരട്ടിയിലധികമാണ്. കേരളത്തിൽ കാർഷിക ആവശ്യങ്ങൾക്കാകട്ടെ വൈദ്യുതി നിരക്കുകൾ പതിന്മടങ്ങായി വീണ്ടും കൂട്ടിക്കൊണ്ടിരിക്കുന്നു.

30,000 കെഎസ് ആർടിസിയിലെ പെൻഷൻകാർക്ക് പെൻഷൻ നൽകാനായി കെഎസ്ആർടിസി ബസുകളിൽ യാത്രചെയ്യുന്ന യാത്രക്കാരുടെമേൽ പെൻഷൻ സെസ് അടിച്ചേൽപ്പിച്ച് ജനങ്ങളിൽ നിന്നും പ്രതിവർഷം നേടിയെടുക്കുന്നത് 300 കോടിയിലേറെ രൂപ. ഇതിനെന്തു ന്യായീകരണം?

2015 ജൂലൈ 3ന് കേന്ദ്രസർക്കാർ പുറത്തുവിട്ട സാമൂഹിക സാമ്പത്തിക സെൻസസ് പ്രകാരം രാജ്യത്ത് ആകെ 24.19 കോടി കുടുംബങ്ങളുണ്ട്. അഞ്ചരക്കോടി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ല. കേരളത്തിലാകട്ടെ 40.28% കുടുംബങ്ങൾ കഴിയുന്നത് കൂലിപ്പണിയെടുത്താണെന്നും സൂചിപ്പിക്കുന്നു. ഇക്കൂട്ടത്തിൽ കൃഷിക്കാരുമുണ്ട്. ഈ പട്ടിണിപ്പാവങ്ങളെ വിലപറഞ്ഞ് വിറ്റാണ് പലരുമിന്ന് തടിച്ചുകൊഴുത്തിരിക്കുന്നത്.

കേരളത്തിന്റെ പൊതുകടം 1,13,910 കോടി രൂപയായിരുന്നത് 1.50 ലക്ഷം കോടിയോളമായി വർദ്ധിച്ചു എന്നാണറിയുന്നത്. 7.49 കോടി ജനങ്ങളുള്ള തമിഴ്നാടിന്റെ പൊതുകടം 1,55,740 കോടിയും, 6.32 കോടി ജനങ്ങളുള്ള കർണ്ണാടകത്തിന്റെ കടം 1,01,970 കോടി മാത്രവുമാണ്. ചുരുക്കത്തിൽ പ്രതിശീർഷകടം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. എത്രനാൾ ഇങ്ങനെ കടമെടുത്ത് നമുക്കു മുന്നോട്ടു പോകാനാകും?

**ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് ഒരു സർക്കാർ ജീവനക്കാരന്റെ ശരാശരി പ്രതിമാസ ശമ്പളം 43446 രൂപയാണ്.ശരാശരി സർക്കാർ പെൻഷൻതുക 23891 രൂപയും. പിന്നെയും വൻ വർദ്ധനവാണ് പുതിയ ശമ്പളപരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്യുന്നത്.** 1.5 ശതമാനം ജീവനക്കാരുടെ താളത്തിനൊത്തു തുള്ളുന്നവരായി ഭരണനേതൃത്വങ്ങൾ മാറുമ്പോൾ എങ്ങനെ ഇവിടെ സാമൂഹിക സാമ്പത്തിക നീതി നടപ്പാകും. പാടത്തും പറമ്പിലും അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളടക്കമുള്ള 11.44 ലക്ഷം പേരുടെ പ്രതിമാസ പെൻഷൻ 592 രൂപ മാത്രമാണ്. 592 രൂപയും 23891 രൂപയും എന്ന പെൻഷൻ അന്തരം പുനർവിചാരണ ചെയ്യേണ്ടതല്ലേ?

**(കോടി രൂപയിൽ)**

**ആകെ വരുമാനം......................................77427**
**ആകെ ചിലവ്..........................................85259**

**1983ൽ ഒരു സർക്കാർ ജീവനക്കാരന്റെ അടിസ്ഥാന മിനിമം ശമ്പളം 550 രൂപയായിരുന്നത് 2014ൽ15,300 രൂപയായി വർദ്ധിച്ചു. 30 വർഷം കൊണ്ട് 27 ഇരട്ടിയായുള്ള വർദ്ധനവ്. അതേസമയം 1983 ൽ ഒരു കിലോ റബറിന് 18 രൂപയുണ്ടായിരുന്നത് 2015ൽ 120 രൂപ മാത്രമായിട്ടാണ് ഉയർന്നത്. വർദ്ധനവ് 6 ഇരട്ടിയിൽ താഴെ. നെല്ലുവില 2.64 രൂപയിൽ നിന്നും 19 രൂപയായിട്ടാണുയർന്നത്. അതും ആറ് ഇരട്ടിമാത്രം. മറ്റു കാർഷിക ഉല്പന്നങ്ങളുടെ സ്ഥിതിയും ഇങ്ങനെ തന്നെ.**

**സർക്കാർ ശമ്പളം പറ്റുന്ന ജോലി പൊതുസമൂഹത്തിന്റെ ഔദാര്യമാണെന്നുള്ളത് പബ്ലിക് സെർവന്റ്സ് പലപ്പോഴും മറന്നുപോകുന്നു. പലരും കസേരകളിൽ കയറിപ്പറ്റി അധികാര ധിക്കാരമനോഭാവങ്ങളുമായി ജനങ്ങളെ സമീപിക്കുമ്പോൾ തങ്ങൾക്കീ അവസരം ലഭിച്ചത് കഴിവുകൊണ്ടുമാത്രമല്ല, ജാതി മത വർഗ്ഗ വർണ്ണ സംവരണങ്ങളും പിന്നാമ്പുറങ്ങളും പിൻബലങ്ങളുമാണെന്നുള്ളത് വിസ്മരിക്കരുത്.** കിട്ടുന്ന ശമ്പളത്തോടുമാത്രമല്ല അനധികൃതമായി ജനങ്ങളെ പീഢിപ്പിച്ച് നേടിയെടുക്കുന്ന കിമ്പളത്തോടു പോലും നീതി പുലർത്തുവാൻ എത്രപേർക്കാവുന്നുണ്ട്. സംഘടിതശക്തിയുടെ പിൻബലത്തിൽ എന്തുമാകാമെന്ന ധാർഷ്ട്യവുമായി ജനങ്ങളുടെമേൽ ഉദ്യോഗസ്ഥ തമ്പ്രാക്കൾ കുതിരകയറുമ്പോൾ പൊതുസമൂഹം ഇവരെ മാത്രമല്ല ഇവർക്കായി പരവതാനി വിരിക്കുന്നവരും പദ്ധതിവിഹിതങ്ങളുടെ ശതമാനത്തിൽ കടിച്ചുതൂങ്ങുന്നവരുമായ ജനപ്രതിനിധികളെയും രാഷ്ട്രീയ നേതൃത്വങ്ങളെയും കല്ലെറിയുന്ന കാലം വിദൂരമല്ല.

**സംഘടിതശക്തിയുടെ പിൻബലത്തിൽ എന്തുമാകാമെന്ന ധാർഷ്ട്യവുമായി ജനങ്ങളുടെമേൽ ഉദ്യോഗസ്ഥ തമ്പ്രാക്കൾ കുതിരകയറുമ്പോൾ പൊതുസമൂഹം ഇവരെ മാത്രമല്ല ഇവർക്കായി പരവതാനി വിരിക്കുന്നവരും പദ്ധതിവിഹിതങ്ങളുടെ ശതമാനത്തിൽ കടിച്ചുതൂങ്ങുന്നവരുമായ ജനപ്രതിനിധികളെയും രാഷ്ട്രീയ നേതൃത്വങ്ങളെയും കല്ലെറിയുന്ന കാലം വിദൂരമല്ല.**

2015-16 ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 459432 പേരാണ് പെൻഷൻതുക കരസ്ഥമാക്കുന്നവർ. സേവനത്തിന്റെ ബാക്കിപത്രമായി വിരമിക്കലിനുശേഷം മാസംതോറും ലഭിക്കുന്ന തുക ഒരു ആശ്വാസതുക എന്നതിനപ്പുറം അവസാനം സ്വീകരിക്കുന്ന ശമ്പളത്തിന്റെ എത്രയോ ഇരട്ടിയായി ഇന്നുമാറിയിരിക്കുന്നു. 85-ാം വയസിൽ കട്ടിലിൽ ചുരുണ്ടുകൂടി ചൂടുവെള്ളവും ദീർഘനിശ്വാസവുമായി കഴിയുമ്പോഴും ലക്ഷത്തിനടുത്ത പെൻഷൻതുക സമ്പന്നരായ മക്കളും ചെറുമക്കളും വീതംവച്ചെടുക്കുന്ന ഈ സമ്പ്രദായം പൊളിച്ചെഴുതേണ്ടതല്ലേ?

മണ്ണിനോട് മല്ലിടുന്ന കർഷകന്റെ സായാഹ്നനാളുകളിൽ ആശ്വാസമേകുവാൻ സർക്കാർ എന്തുനൽകുന്നു? ഇവരും ഈ മണ്ണിൽ പിറന്നുവീണവരും ഒരു ജീവിതകാലം മുഴുവനും അദ്ധ്വാനിചച്ചവരുമല്ലേ? 60വയസു കഴിഞ്ഞ ഏതൊരു പൗരനും തുടർന്നു ജീവിക്കുവാനുള്ള തുക സാമൂഹിക സുരക്ഷിതത്വത്തിന്റെ (Social Security) പേരിൽ അവകാശമുണ്ട്. **ജീവിത സായാഹ്നത്തിലെത്തുന്ന എല്ലാ പൗരന്മാരെയും ഒരേ രീതിയിൽ കണ്ട് സഹായഹസ്തമാകുവാനുള്ള വിശാലകാഴ്ചപ്പാട് ഭരണനേതൃത്വങ്ങൾക്കുണ്ടാകണം. സമൂഹത്തിൽ രണ്ടുതരം പൗരന്മാരെ സൃഷ്ടിച്ചെടുക്കുന്ന കിരാത വ്യവസ്ഥിതിക്കെതിരെ പ്രബുദ്ധരായ ജനം വിരൽചൂണ്ടണം.**

സംസ്ഥാനത്തെ ബഹുഭൂരിപക്ഷത്തിന്റെയും വരുമാനത്തിലുണ്ടാകുന്ന ഏറ്റക്കുറച്ചിലനുസരിച്ചായിരിക്കണം സർക്കാർ ചിലവുകളും തീരുമാനിക്കപ്പെടേണ്ടത്. ബ്രിട്ടീഷ് ഭരണകാലത്തു പോലും രാജ്യത്തിന്റെ ആകെ വകുമാനത്തിന്റെ 25 ശതമാനംമാത്രമാണ് ഭരണച്ചെലവിനായി മാറ്റിയിരുന്നത്. ഉത്സവകാലങ്ങളിലിത് 33.3 ശതമാനമായിരുന്നു. ജനസംഖ്യയുടെ 3 ശതമാനത്തിൽ താഴെവരുന്ന ഒരുവിഭാഗം, ഭൂരിപക്ഷ ജനസമൂഹത്തെ അവർ അസംഘടിതരാണെന്ന ഒറ്റക്കാരണത്താൽ അടിമകളും ചൂഷണവിധേയരുമാക്കുന്നത് അനുവദിക്കാനാവില്ല.

ആരുടെയും അവകാശങ്ങൾ തട്ടിയെടുക്കാനല്ല, കർഷകരും ദരിദ്രരും അടങ്ങുന്ന ഭൂരിപക്ഷ അസംഘടിത ജനവിഭാഗത്തിന്റെ ജീവിത നിലനിൽപ്പിനായി ഭരണചിലവുകളിലും പദ്ധതികളിലും പ്രഖ്യാപനങ്ങളിലും ഒരു പൊളിച്ചെഴുത്തുവേണമെന്ന ആവശ്യമാണിവിടെ ഉന്നയിക്കപ്പെടുക. **നമുക്കൊരു മാനുഷിക നീതിയുടെ മുഖം വേണം. സർക്കാരിലെത്തിച്ചേരുന്ന നികുതിപ്പണം നീതിപൂർവ്വം വിഭജിക്കപ്പെടണം. തൊഴിലുകളിൽ വ്യത്യസ്ഥതകളുണ്ടാകാം. ജീവിത സാഹചര്യങ്ങളിൽ അന്തരങ്ങളുണ്ടാകാം. പക്ഷേ അടിസ്ഥാന വിഷയങ്ങളിൽ നീതിനിഷേധങ്ങൾ ക്രൂരതയല്ലേ?** ഒന്നുറപ്പാണ്, പൊതുസമൂഹത്തിൽ രാഷ്ട്രീയത്തിനും ഭരണസംവിധാനങ്ങൾക്കുമപ്പുറം ഒരു ചിന്തയും ചേരിതിരിവും രൂപപ്പെട്ടുവരുന്നുണ്ട്. ഇതൊരുപക്ഷേ നിലനിൽപ്പിനും ജീവിക്കുവാനും വേണ്ടിയുള്ള ഭൂരിപക്ഷ ജനതയുടെ പോരാട്ടത്തിന്റെ ഭാഗമായിരിക്കാം. ഇതുമനസിലാക്കി ഉത്തരവാദിത്വപ്പെട്ടവർ നിസംഗത കൈവിട്ട് ഉണർന്നുപ്രവർത്തിക്കേണ്ട സമയമായി.

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**




*തിരുവനന്തപുരം പ്രസ് ക്ലബിൽ ദ പീപ്പിൾ സംഘടിപ്പിച്ച നികുതിപ്പണം കേരളം എങ്ങനെ ചെലവിടുന്നു എന്ന വിഷയത്തിലുള്ള സംവാദത്തിൽ ഇൻഫാം, ദ പീപ്പിൾ രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി ബിഷപ്പുമായ മാർ മാത്യു അറയ്ക്കൽ പ്രഭാഷണം നടത്തുന്നു. കൺവീനർ ഡിജോ കാപ്പൻ, പ്രൊഫ.മേരി ജോർജ്ജ്, പ്ലാനിംഗ് ബോർഡ് അംഗം ജി.വിജയരാഘവൻ, മുൻ ധനമന്ത്രി ഡോ തോമസ് ഐസക്, എം.ജി.രാധാകൃഷ്ണൻ, ടി.സി.മാത്തുക്കുട്ടി, എംഎസ് കുമാർ, ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, കോട്ടാത്തല മോഹനൻ, പി.സി.ജോസഫ് എന്നിവർ സമീപം.*

## ദ പീപ്പിൾ ജനകീയ സംവാദത്തിന് തിരുവനന്തപുരത്ത് തുടക്കമായി

തിരുവനന്തപുരം: ജനങ്ങളിൽനിന്നു പിരിച്ചെടുക്കുന്ന പണം എവിടേക്ക് പോകുന്നു എന്നറിയാൻ ഓരോ പൗരനും മൗലികാവകാശം ഉണ്ടെന്നു ദ പീപ്പിൾ രക്ഷാധികാരി ബിഷപ് മാർ മാത്യു അറയ്ക്കൽ. വിവിധ കർഷക സംഘടനകളുടെ പൊതുകൂട്ടായ്മയായ ദ പീപ്പിളിന്റെ നേതൃത്വത്തിൽ കേരളത്തിലെ പതിനാലു ജില്ലാ ആസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന ജനകീയ സംവാദത്തിന്റെ ഭാഗമായി തിരുവനന്തപുരം പ്രസ് ക്ലബ് ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ നടന്ന നികുതിപ്പണം കേരളം എങ്ങനെ ചെലവിടുന്നു എന്ന ആദ്യ സംവാദത്തിൽ അദ്ധ്യക്ഷത വഹിച്ചു

(ശേഷം അടുത്ത പേജിൽ)

സംസാരിക്കുകയായിരുന്നു മാർ അറയ്ക്കൽ.

സംസ്ഥാനത്തു പിരിച്ചെടുക്കുന്ന നികുതിയുടെ കൂടിയപങ്കും സർക്കാർ ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കുന്നതിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് എല്ലാവരും ചിന്തിക്കണമെന്നു മുൻ ധനമന്ത്രി ഡോ. തോമസ് ഐസക്ക് പറഞ്ഞു. സംവാദം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ 51 ശതമാനത്തോളം ജീവനക്കാരുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. സംസ്ഥാനത്തെ മൊത്തം വികസനച്ചെലവിന്റെ 38 ശതമാനം വിദ്യാഭ്യാസത്തിനും 15 ശതമാനം ആരോഗ്യത്തിനുമാണ് ചെലവഴിക്കുന്നത്. ഇതു സർക്കാരിന്റെ സേവനവിഭാഗമാണ്. ഈ സേവനം തുടരുകതന്നെ ചെയ്യണം. എന്നാൽ, സർക്കാർ ഭരണപരമായ ചെലവുകൾക്കായി മുടക്കുന്ന പണം അധികരിക്കുന്നുണ്ടോ എന്നാലോചിക്കണം. ഇതു കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു വൻ അധികാരങ്ങൾ ഉള്ള ഈ സമയത്ത് സംസ്ഥാനത്ത് വീണ്ടും പത്തു താലൂക്കുകൾ കൂടി പ്രഖ്യാപിച്ചത് ഭരണപരമായ ചെലവുകൾ വർധിക്കാൻ ഇടയാക്കും. ഒരു താലൂക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കുറഞ്ഞത് 50 കോടി രൂപയെങ്കിലും വേണം.

പദ്ധതിയേതര ചെലവുകൾ കുറയ്ക്കാനുള്ള ക്രമീകരണവും ഉണ്ടാകണം. കൃഷിക്കായി ബജറ്റിൽ അനുവദിക്കുന്ന തുക വൻതോതിലാണ് കുറഞ്ഞുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ തവണ ഏഴു ശതമാനം മാത്രമാണ് കൃഷിക്കായി നീക്കിവെച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ കൃഷിക്കായി പണം നീക്കിവയ്ക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അവർ ഇതിനായി ഫണ്ട് ചെലവഴിക്കേണ്ടെന്ന ഉത്തരവു വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കാർഷികമേഖലയ്ക്ക് പണമൊന്നും ലഭിക്കുന്നില്ല. കഴിഞ്ഞ മൂന്നു വർഷമായി ഏറ്റവും കുറഞ്ഞ തുകയാണു കൃഷിക്കായി നീക്കിവച്ചിട്ടുള്ളത്. റബർ വിലയിടിവിന്റെ കാതലായ പ്രശ്നം ഇറക്കുമതി തന്നെയാണ്.

രാജ്യത്തെ ചില വ്യവസായ മേഖലകളെ സഹായിക്കാനായി കൊണ്ടുവന്ന ആസിയാൻ കരാറാണ് റബർ കർഷകർക്ക് വിലത്തകർച്ച സമ്മാനിച്ചതെന്നും ഡോ. തോമസ് ഐസക്ക് പറഞ്ഞു.

സംവാദത്തിൽ മുതിർന്ന മാധ്യമപ്രവർത്തകൻ എം.ജി. രാധാകൃഷ്ണൻ മോഡറേറ്ററായിരുന്നു. ഡോ. മേരി ജോർജ് വിഷയം അവതരിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ജി. വിജയരാഘവൻ, ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി.സി സെബാസ്റ്റ്യൻ, കോട്ടാത്തല മോഹനൻ, ടി.സി. മാത്തുക്കുട്ടി, എം.എസ്. കുമാർ, പി.സി. ജോസഫ്, കൺവീനർ ഡിജോ കാപ്പൻ തുടങ്ങിയവർ സംവാദത്തിൽ പങ്കുചേർന്നു.

# കർഷകരുടെ ശക്തി തെളിയിച്ച് കട്ടപ്പനയിൽ ഇൻഫാം കർഷക സമ്മേളനം



*കട്ടപ്പന സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ നടന്ന കർഷക നേതൃസമ്മേളനത്തിൽ പങ്കെടുക്കുന്ന ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ കർഷകരുടെ നീണ്ടനിര.*

കാഞ്ഞിരപ്പള്ളി: കാർഷിക മേഖലയും ഹൈറേഞ്ച് ജനതയും നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണെന്നു കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും ഇൻഫാം ദേശീയ രക്ഷാധികാരിയുമായ മാർ മാത്യു അറയ്ക്കൽ. ഇൻഫാമിന്റെ നേതൃത്വത്തിൽ കട്ടപ്പന സെന്റ് ജോർജ് ഓഡിറ്റോറിയത്തിൽ നടന്ന കർഷക നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

അസംഘടിതരായ കർഷകരുടെ മേൽ എന്തു ചൂഷണവും ആകാമെന്നും അവരെ എത്ര അവഗണിച്ചാലും ചവിട്ടി മെതിച്ചാലും തങ്ങളുടെ വോട്ടുബാങ്കിന് ഒരു ഇളക്കവും തട്ടില്ലെന്നാണു രാഷ്ട്രീയ നിലപാട്. ഇതിന് മാറ്റമുണ്ടാകണം. തെരഞ്ഞെടുപ്പാകുമ്പോൾ കുറെ വാഗ്ദാനങ്ങളും മുതലക്കണ്ണീരുമുണ്ടെങ്കിൽ കർഷകരെ വശത്താക്കാമെന്നാണ് രാഷ്ട്രീയ നേതൃത്വങ്ങൾ വിലയിരുത്തുന്നത്. കർഷക സമൂഹം സടകുടഞ്ഞ് എഴുന്നേറ്റ് ഒറ്റക്കെട്ടായി പ്രതികരിക്കണമെന്നും മാർ അറയ്ക്കൽ പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്നതു ഹൈറേഞ്ചിലെ കർഷകരാണ്. പരിസ്ഥിതി സംരക്ഷണത്തിന് ഇവിടെ ജീവിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചും വിശ്വാസത്തിലെടുത്തും ഇവരുടെ സഹകരണത്തിലൂടെയുമാണു പദ്ധതികൾ നടപ്പിലാക്കേണ്ടത്. ആവാസ കേന്ദ്രങ്ങളിലേക്കും കൃഷിയിടങ്ങളിലേക്കും വന്യമൃഗങ്ങളുടെ കടന്നുകയറ്റം വ്യാപകമാണ്. ഇതു നിയന്ത്രിക്കാൻ നിയമങ്ങളും നടപടികളുമുണ്ടാകണം.

മലയോര മേഖലയിൽ ഏറ്റവും നീറുന്ന പ്രശ്നം പട്ടയ വിഷയമാണ്. ഒരു ലക്ഷത്തിലധികം കുടുംബങ്ങളാണു പട്ടയത്തിനായി കാത്തുനിൽക്കുന്നത്. ഉദ്യോഗസ്ഥരുടെ ഒത്താശയോടെ പരിസ്ഥിതി മൗലികവാദികളാണ് ഇത്തരം നീക്കങ്ങൾക്കു പിന്നിൽ. അഞ്ചു വർഷമായിട്ടും യാതൊരു ചലനവും സൃഷ്ടിക്കാതെ ഇടുക്കി പാക്കേജും അട്ടിമറിക്കപ്പെട്ടു. 750 കോടി രൂപയാണ് കാർഷിക കടാശ്വാസത്തിനായി നീക്കിവച്ചത്. ഇതിന്റെ ഫലം കർഷകനു ലഭിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും അലംഭാവമാണ് പദ്ധതികൾ അട്ടിമറിക്കപ്പെടുവാൻ കാരണം. ഹൈറേഞ്ചിലെ ഇൻഫാമിന്റെ തുടക്കം വലിയ മുന്നേറ്റമുണ്ടാക്കുമെന്നും വരും നാളുകളിൽ ചലനങ്ങൾ സൃഷ്ടിക്കുമെന്നും ജാതിമത രാഷ്ട്രീയത്തിനതീതമാണ് ഇൻഫാമിന്റെ പ്രവർത്തനമെന്നും മാർ മാത്യു അറയ്ക്കൽ കൂട്ടിച്ചേർത്തു.

സമ്മേളനത്തിൽ രൂപത വികാരി ജനറാൾ റവ.ഡോ.ജോസ് പുളിക്കൽ അധ്യക്ഷത വഹിച്ചു. ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവ. വി.സി. സെബാസ്റ്റ്യൻ കർഷക സംഘടനകളുടെ ഐക്യം ഇന്നിന്റെ ആവശ്യം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

## റംസാൻ നോമ്പിനിടെ ഭക്ഷണം കഴിച്ച രണ്ടു കുട്ടികളെ തൂക്കിലേറ്റി

ഡമാസ്കസ്: സിറിയയിലെ ഡെയ്ർ ഇസോർ പ്രവിശ്യയിൽ ഐഎസ് ഭീകരരുടെ ക്രൂരത വീണ്ടും. റംസാൻ വ്രതത്തിനിടെ ഭക്ഷണം കഴിച്ചതിനു രണ്ടു കുട്ടികളെ തൂക്കിക്കൊന്നു.



സിറിയൻ ഒബ്സർവേറ്ററി ഓഫ് ഹ്യൂമൻ റൈറ്റ്സ് ആണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. മതപരമായ ചടങ്ങുകൾ തെറ്റിക്കുന്നവർക്കു കടുത്ത ശിക്ഷ നൽകുമെന്ന് ഐഎസ് വ്യക്തമാക്കി. മൃതദേഹങ്ങളിൽ തൂക്കിയിട്ട പ്ലക്കാർഡിൽ ഇവർ നോമ്പു തെറ്റിച്ചെന്നും അതിനുള്ള ശിക്ഷയാണിതെന്നും എഴുതിയിരുന്നു.

## സിറിയയിൽ വീണ്ടും കൂട്ടക്കുരുതി; 146 മരണം

ബെയ്റൂട്ട്: കുർദ് ശക്തികേന്ദ്രമായ കൊബാനിയിൽ തുടർച്ചയായി നേരിട്ട തിരിച്ചടികൾക്കുള്ള മറുപടിയായായി ഐഎസിന്റെ കൂട്ടക്കുരുതി വീണ്ടും. 24 മണിക്കൂറിനിടെ കൊല്ലപ്പെട്ടത് 146 പൗരന്മാർ. 70 പേരെ ഭീകരർ ബന്ദികളാക്കിയെന്നും റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ ദിവസം നഗരകവാടത്തിനു പുറത്ത് മൂന്ന് ഐഎസ് ചാവേറുകൾ സ്വയം പൊട്ടിത്തെറിച്ചിരുന്നു. ഈ സ്ഫോടനങ്ങളുടെ മറവിൽ കൂടുതൽ ഭീകരർ നഗരത്തിലേയ്ക്കു നുഴഞ്ഞുകയറുകയായിരുന്നു. കൊല്ലപ്പെട്ടവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നു. മൃതദേഹങ്ങൾ വീടുകളിലും തെരുവോരങ്ങളിലും ചിതറിക്കിടക്കുകയായിരുന്നെന്ന് സീറിയൻ മനുഷ്യാവകാശ സംരക്ഷണ സംഘം അറിയിച്ചു.



കെട്ടിടങ്ങളിലേയ്ക്കു നുഴഞ്ഞുകയറിയ ഭീകരർ തലങ്ങും വിലങ്ങും വെടിയുതിർക്കുകയായിരുന്നു. കൊബാനിയിലെ ഓരോ കുടുംബത്തിലെയും ഒരാളെങ്കിലും കൊല്ലപ്പെട്ടെന്നാണ് റിപ്പോർട്ടുകൾ. ആക്രമണങ്ങളെത്തുടർന്ന് തുർക്കി അതിർത്തിയിലേയ്ക്കുള്ള പലായനം വർദ്ധിച്ചിട്ടുണ്ട്.

## തീവ്രവാദികൾ തമ്മിലടിച്ചു; 12 അൽകയ്ദക്കാരുടെ തലയറുത്തു

ലണ്ടൻ: അൽകയ്ദയ്ക്കും ജെയ്ഷെ അൽ ഇസ്ലാമിനും വേണ്ടി പോരാട്ടം നയിച്ച 12 പേരുടെ തലയറുക്കുന്നതായ ദൃശ്യങ്ങൾ ഐ.എസ്.പുറത്തുവിട്ടു. 12 പേരെ ചോദ്യം ചെയ്യുന്നതായും പിന്നീട് ക്യാമറയ്ക്കുമുന്നിൽ നിരത്തിനിർത്തി തലയറുക്കുന്നതായുമാണ് വീഡിയോയിൽ. ഐഎസിനെ എതിർത്തെന്നു സമ്മതിച്ച 12 പേരെയും അബൂബക്കർ അൽ-ബാഗ്ദാദിയുടെ നേതൃത്വത്തോടും കൂറുപുലർത്താത്തതിന്റെ പേരിൽ വകവരുത്തുകയായിരുന്നുവെന്നാണ് ഐഎസിന്റെ അവകാശവാദം.

# മരവിച്ച മനഃസാക്ഷിയുമായി മതഭീകരവാദികൾക്കുമുമ്പിൽ ലോകം കീഴടങ്ങിയോ?

## മന്ത്രവാദികളെന്നാരോപിച്ച് സിറിയയിൽ ഭീകരർ രണ്ടു സ്ത്രീകളെ തലയറുത്തുകൊന്നു;

ബെയ്റൂട്ട്: സിറിയയിലെ ദേർ ഇസോർ പ്രവിശ്യയിൽ മന്ത്രവാദികളെന്നാരോപിച്ച് ഭീകരർ രണ്ടു സ്ത്രീകളെ തലയറുത്തു കൊന്നു. ആദ്യമായാണ് ഐഎസ് സ്ത്രീകളെ തലയറുത്തു കൊന്നതായി റിപ്പോർട്ട് ചെയ്യുന്നത്. വ്യഭിചാരക്കുറ്റമാരോപിച്ച് സ്ത്രീകളെ നേരത്തെ തന്നെ കല്ലെറിഞ്ഞുകൊല്ലുന്നുണ്ടായിരുന്നെങ്കിലും ആദ്യമായാണ് വനിതകളുടെ തലയറുത്തു മാറ്റുന്നത്. ഇത്തവണത്തെ കൊലപാതകങ്ങളും പൊതുജനമദ്ധ്യത്തിൽ വച്ചായിരുന്നു.



## ടുണീഷ്യയിൽ ഭീകരാക്രമണം; 27 മരണം

ടൂണിസ്: ആഫ്രിക്കൻ രാജ്യമായ ടുണീഷ്യയിലുണ്ടായ ഭീകരാക്രമണത്തിൽ 27 പേർ കൊല്ലപ്പെട്ടു. രാജ്യത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രമായ സൗസെ ബീച്ചിനു സമീപത്തെ ഇംപീരിയൽ മർഹബ ഹോട്ടലിനുനേരെയാണ് വെടിവയ്പുണ്ടായത്. രണ്ടംഗ സംഘമാണ് അക്രമണം നടത്തിയതെന്നും ഒരാളെ വധിച്ചതായും ടുണീഷ്യൻ ആഭ്യന്തരവക്താവ് മുഹമ്മദ് അലി അറോവി അറിയിച്ചു. തലസ്ഥാനമായ ടുണീസിൽനിന്ന് 150 കിലോമീറ്റർ അകലെയാണ് സംഭവം. പോലീസ് വേഷത്തിലായിരുന്നു അക്രമികൾ ഹോട്ടലിനു സമീപം എത്തിയതെന്നാണ് വിവരം. കൊല്ലപ്പെട്ടയാളിൽ നിന്ന് എ.കെ. 47 തോക്ക് കണ്ടെടുത്തു.

## ഫ്രാൻസിൽ ഭീകരർ ഒരാളുടെ തലവെട്ടി

പാരീസ്: കിഴക്കൻ ഫ്രാൻസിലെ ഗ്യാസ് ഫാക്ടറിയിൽ നടന്ന ഭീകരാക്രമണത്തിൽ ഒരാളുടെ തലവെട്ടി. ഭീകരർ ഭാക്ടറിക്കുള്ളിൽ നടത്തിയ സ്ഫോടനങ്ങളിൽ നിരവധിപ്പേർക്ക് പരുക്ക്. ഭീകരർ വാഹനത്തിൽ ഫാക്ടറിക്കുള്ളിലേയ്ക്ക് നുഴഞ്ഞുകയറി ആക്രമണം നടത്തുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. അമേരിക്കൻ ഗ്രൂപ്പായ എയർ പ്രഡക്ടിന്റെ ഉടമസ്ഥതയിലുള്ള ഫാക്ടറിയിലായിരുന്നു ആക്രമണം. കൊല്ലപ്പെട്ടായളുടെ തലവെട്ടി ഗെയ്റ്റിൽ കോർത്തുവച്ച നിലയിലായിരുന്നു. ഫാക്ടറിക്കടുത്ത് നിന്ന് മൃതദേഹവും കണ്ടെത്തി. അറബി ഭാഷയിൽ എഴുത്തുകളുള്ള പതാകയും ഇവിടെനിന്നു കണ്ടെത്തി.

## കുവൈത്തിലെ ഷിയ പള്ളിയിൽ ഐഎസ് ആക്രമണം: 25പേർ കൊല്ലപ്പെട്ടു

കുവൈത്ത് സിറ്റി: വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കിടെ കുവൈത്തിലെ ഷിയ മോസ്കിലുണ്ടായ ചാവേറാക്രമണത്തിൽ 25 മരണം. 25 പേർക്ക് പരുക്ക്. സിറ്റിയിലെ സബാവർ പ്രദേശത്തുള്ള അൽ സാദിഖ് മസ്ജിദിനുള്ളിലാണ് സ്ഫോടനം നടന്നത്. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐ.എസ്.ഏറ്റെടുത്തു. ഉഗ്രസ്ഫോടനത്തിൽ മസ്ജിദിന്റെ പ്രധാന വാതിലുകളും ചില്ലുപാളികളുമടക്കം തകർന്നു. സംഭവസ്ഥലത്തുതന്നെ നിരവധി ആളുകൾ മരിച്ചു. കുവൈത്ത് സ്റ്റോക്ക് എക്സ്ചേഞ്ച്, സെൻട്രൽ ബാങ്ക്, ബാങ്ക് ഹെഡ്ക്വാട്ടേഴ്സുകൾ,



കുവൈത്ത് ഗ്രാന്റ് മസ്ജിത് തുടങ്ങിയ പ്രധാന സ്ഥലങ്ങൾക്കു സമീപമാണ് സ്ഫോടനം നടന്നത്. പള്ളിയുടെ സമീപത്തായി മലയാളികൾ അടക്കമുള്ളവരുടെ വ്യാപാര സ്ഥാപനങ്ങൾ ധാരാളമായുണ്ട്. റംസാൻ മാസമായതിനാൽ ധാരാളമാളുകൾ നിസ്കാരത്തിന് എത്തിയിരുന്നു.




*നെല്ലുവിലയുടെ മുഴുവൻ കുടിശിഖയും മുഴുവൻ കർഷകർക്കും നൽകണമെന്നാവശ്യപ്പെട്ട് കുട്ടനാട് വികസനസമിതിയുടെ നേതൃത്വത്തിൽ കുട്ടനാട്ടിലെ നെൽകർഷകർ പിച്ചച്ചട്ടി വഹിച്ചുകൊണ്ട് എ.സി.റോഡിലൂടെ നടത്തിയ പട്ടിണിമാർച്ച്. ഫാ.തോമസ് പീലിയാനിക്കൽ, മോൺ.റവ.ഡോ. ജോസഫ് മുണ്ടകത്തിൽ, ഷെവ.അഡ്വ.വി.സി.സെബാസ്റ്റ്യൻ, ജോസ് ചുങ്കപ്പുര, ജോർജുകുട്ടി നെല്ലിക്കൽ, ജോസി പുതുമന, ജോർജ് ജോസഫ് വാതപ്പള്ളി, ടോമിച്ചൻ അയ്യരുകുളങ്ങര, സൈബി അക്കര, ജോസുകുട്ടി കുട്ടംപേരൂർ, കുട്ടപ്പായി മുടന്താഞ്ചിലി, ജിജോ നെല്ലുവേലി തുടങ്ങിയവർ മുൻനിരയിൽ.*




*നെല്ലുവിലയുടെ മുഴുവൻ കുടിശിഖയും മുഴുവൻ കർഷകർക്കും നൽകണമെന്നാവശ്യപ്പെട്ട് കുട്ടനാട് വികസനസമിതിയുടെ നേതൃത്വത്തിൽ കുട്ടനാട്ടിലെ നെൽകർഷകർ കുട്ടനാട് വികസനസമിതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.തോമസ് പീലിയാനിക്കലിന്റെ നേതൃത്വത്തിൽ രാമങ്കരി പി.എച്ച്.ഇ.ഡി. ഗ്രൗണ്ടിൽ നടത്തിയ ഉപവാസ സത്യാഗ്രഹം ചങ്ങനാശേരി അതിരൂപതാ വികാരിജനറാൾ മോൺ.റവ.ഡോ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്യുന്നു. കെ.ഗോപിനാഥൻ, നൈനാൻ തോമസ്, ഷെവ.അഡ്വ.വി.സി.സെബാസ്റ്റ്യൻ, അഡ്വ.ജേക്കബ് എബ്രഹാം, ഡോ.കെ.സി.ജോസഫ്, ജോർജ് ജോസഫ് വാതപ്പള്ളി, ജോസ് കോയിപ്പള്ളി, ജോസഫ് കെ നെല്ലുവേലി, തോമസ് ജോസഫ് ഇല്ലിക്കൽ, സന്തോഷ് ശാന്തികൾ എന്നിവർ സമീപം.*

## കാർഷികപ്രതിസന്ധി: ദ പീപ്പിൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകി

കണ്ണൂർ: കാർഷിക മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കർഷക സംഘടനകളുടെ ഐക്യവേദിയായ ദ പീപ്പിൾ കണ്ണർ, കാസർഗോഡ് ജില്ലാകമ്മറ്റികളുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റബർ സംഭരണം ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ബജറ്റിൽ സൂചിപ്പിച്ച റബർ സംഭരണ പ്രഖ്യാപനം അടിയന്തരമായി നടപ്പാക്കുക, മുഴുവൻ കർഷകർക്കും അഗ്രികാർഡ് ലഭ്യമാക്കുന്നതിന് സാഹചര്യം ഒരുക്കുകയും സമയപരിധി നീട്ടി സുതാര്യമാക്കുകയും ചെയ്യുക, റബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിലൂടെ റോഡ് റബറൈസേഷൻ ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് നേതാക്കളായ ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ, തലശേരി അതിരൂപതാ ഡയറക്ടർ ഫാ.ജോസഫ് കാവനാടിയിൽ, ഫാ.ജോസഫ് പൂവത്തോലിൽ എന്നിവരുടെ നേതൃത്വത്തിൽ കണ്ണൂരിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് നിവേദനം നൽകിയത്.

## വാണിജ്യബാങ്കുകളുടെ കാർഷികവായ്പാ കണക്കുകൾ അന്വേഷണ വിധേയമാക്കണം: ഇൻഫാം

കോട്ടയം: 2014-15 കാലഘട്ടത്തിലെ സംസ്ഥാനത്തെ വാണിജ്യബാങ്കുകളുടെ പ്രവർത്തന അവലോകന റിപ്പോർട്ടിലെ കാർഷിക മേഖലയെ സംബന്ധിച്ച വായ്പാ കണക്കുകൾ തെറ്റിദ്ധാരണാജനകവും അവിശ്വസനീയവുമാണെന്നും കേന്ദ്രസർക്കാരും റിസർവ് ബാങ്കും ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

കുറഞ്ഞ പലിശനിരക്കിൽ ലഭിക്കേണ്ട കാർഷികവായ്പകൾ കേരളത്തിലെ ബഹുഭൂരിപക്ഷം കർഷകർക്കും ലഭിക്കുന്നില്ല. തന്നാണ്ട് വിളകൾ കൃഷിചെയ്യുന്ന 40 ലക്ഷത്തോളം കർഷകർ കേരളത്തിലുണ്ടായിരിക്കെ അവർക്കു കൃഷിആവശ്യത്തിനായി കിസാൻ ക്രഡിറ്റ് കാർഡ് വായ്പകൾ 6.43 ലക്ഷം എണ്ണം മാത്രമാണ്. ഇങ്ങനെ വിതരണം ചെയ്തിരുന്നത് 14156 കോടി രൂപയാണെന്നും സംസ്ഥാന ബാങ്കിംഗ് അവലോകന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 3 ലക്ഷം രൂപയിൽ താഴെ വായ്പയെടുത്തവർ 4.68 ലക്ഷമാണെങ്കിൽ അവരെടുത്ത മൊത്തം വായ്പ 6250 കോടിരൂപയാണ്. 3 ലക്ഷം രൂപയിൽ അധികം വായ്പയെടുത്ത കർഷകർ 1.75 ലക്ഷവും വായ്പാ തുക 7636 കോടി രൂപയുമാണ്. കേരളത്തിൽ 150 ഓളം ശാഖകൾ മാത്രമുള്ള ഒരു പ്രമുഖ സ്വകാര്യ വാണിജ്യബാങ്ക് 2512 കോടി രൂപ 128254 കർഷകർക്കായി 3 ലക്ഷം രൂപയിലധികമുള്ള കിസാൻ ക്രഡിറ്റ് കാർഡ് വായ്പകൾ നൽകി എന്ന കണക്ക് നീതീകരണമില്ലാത്തതിനാൽ അടിയന്തര അന്വേഷണവിധേയമാക്കണമെന്നും ഇൻഫാം ദേശീയ സമിതി ആവശ്യപ്പെട്ടു.

54

# സഭൈക്യം

(കഴിഞ്ഞ ലക്കം തുടർച്ച) .....

**പൗരസ്ത്യ സഭകളുടെ ആരാധനാപരവും ആദ്ധ്യാത്മികവുമായ പാരമ്പര്യം**-എത്രയധികം സ്നേഹോദാരതയോടെയാണ് പരിശുദ്ധമായ ആരാധനക്രമം പ്രത്യേകിച്ച് സഭാജീവന്റെ ഉറവിടവും ഭാവി സൗഭാഗ്യത്തിന്റെ അച്ചാരവുമെന്ന ദിവ്യകാരുണ്യമെന്ന രഹസ്യം പൗരസ്ത്യസഭകൾ അനുഷ്ഠിക്കുന്നതെന്ന് ഏവർക്കും അറിയാവുന്നതാണ്. ഈ രഹസ്യത്തിൽ വിശ്വാസികൾ മെത്രാനോട് യോജിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ബഹിർപ്രവാഹത്താൽ മാംസം ധരിക്കുകയും പീഢസഹിക്കുകയും മഹത്വീകൃതനാവുകയും ചെയ്ത വചനമായ പുത്രനിലൂടെ പിതാവായ ദൈവത്തോട് രമ്യതയിലാകുന്നു. അങ്ങനെ ദൈവസ്വഭാവത്തിൽ പങ്കുകാരായിക്കൊണ്ട് അവർ പരിശുദ്ധ ത്രീത്വവുമായി ഐക്യം പ്രാപിക്കുന്നു. ഓരോ സഭയിലും അർപ്പിക്കപ്പെടുന്ന നമ്മുടെ കർത്താവിന്റെ ദിവ്യകാരുണ്യം വഴി ദൈവത്തിന്റെ സഭ പണിയപ്പെടുകയും വളർന്ന് ആകാരവലുപ്പം നേടുകയും ചെയ്യുന്നു. ഈ സമൂഹാർപ്പണം വഴി അവരുടെ പരസ്പരൈക്യം പ്രകടമായിത്തീരുന്നു.

ആരാധനക്രമാനുഷ്ഠാനങ്ങളിലൂടെ പൗരസ്ത്യ ക്രിസ്ത്യാനികൾ കർണ്ണാനന്ദകരമായ സ്തോത്രങ്ങൾ ആലപിച്ചുകൊണ്ട് നിത്യകന്യകയായ മറിയത്തെ യഥോചിതം വണങ്ങുന്നു. വി.ഗ്രന്ഥത്തിന്റെ ചൈതന്യത്തിൽ ക്രിസ്തുവിനെ യഥാർത്ഥ ദൈവപുത്രനും മനുഷ്യപുത്രനുമായി അംഗീകരിക്കാൻവേണ്ടി മറിയം ദൈവത്തിന്റെ മാതാവാണെന്ന് എഫേസൂസ് കൗൺസിൽ അത്യാഡംബരപൂർവം പ്രഖ്യാപിച്ചു. സാർവ്വത്രികസഭയുടെ പിതാക്കന്മാരുൾപ്പെടെ അനേകം വിശുദ്ധരുടെ അപദാനങ്ങളെ അവർ പ്രകീർത്തിക്കുന്നുമുണ്ട്.

ഈ സഭകൾ നമ്മിൽനിന്നു വേർപെട്ടെങ്കിലും അവരുടെ കൂദാശകൾ സാധുവാണ്. സർവ്വോപരി ശ്ലീഹന്മാരുടെ പിന്തുടർച്ചവഴി നമ്മോട് അവരെ വീണ്ടും ഗാഢമായി ബന്ധിക്കുന്ന പൗരോഹിത്യവും ദിവ്യകാരുണ്യവും അവർക്കുണ്ട്. ഇക്കാരണങ്ങളാൽ അനുകൂല സാഹചര്യങ്ങളിൽ സഭാധികാരികളുടെ അംഗീകാരത്തോടെ യോജിച്ചുള്ള മതകർമ്മങ്ങൾ സാധ്യമാണെന്നുമാത്രമല്ല പ്രോത്സാഹനാർഹം കൂടിയാണ്.

കൂടാതെയും, സന്യാസജീവിതത്തിൽ പ്രത്യേകിച്ചും പ്രകടിതമാകുന്ന ആദ്ധ്യാത്മിക പാരമ്പര്യസമ്പത്തു പൗരസ്ത്യ സഭകളിലും കാണുന്നുണ്ട്. വിഖ്യാതരായ പരിശുദ്ധ പിതാക്കന്മാരുടെ കാലംമുതൽ സന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികത്വം കിഴക്കൻ സഭകളിൽ പുഷ്പിക്കുകയും പിന്നീട് അതു പാശ്ചാത്യനാടുകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തു. അങ്ങനെ

**പൗരസ്ത്യസഭകളുടെ സമൃദ്ധിയാർന്ന ആരാധനപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം, കാത്തുസൂക്ഷിക്കുകയും പോറ്റിവളർത്തുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർ തമ്മിൽ ഐക്യം കൈവരുത്താനും ഇതനുപേക്ഷണീയമായ ആവശ്യമാണെന്നവർ മനസിലാക്കണം.**



ലത്തീൻ സന്യാസജീവിതത്തിന് ബീജാവാപം ചെയ്ത അന്നുമുതലിന്നോളം ലത്തീൻ സന്യാസജീവിതം അവിടെനിന്നു പുതുചൈതന്യം നേടിയിട്ടുണ്ട്. മനുഷ്യനെ ദൈവികകാര്യങ്ങളിലുള്ള ധ്യാനനിർലീനതയിലാഴ്ത്തുന്ന പൗരസ്ത്യപിതാക്കളുടെ ആദ്ധ്യാത്മിക സമ്പത്തിൽ നിന്ന് അടുക്കലടുക്കൽ ഫലമെടുക്കാൻ കത്തോലിക്കരെ ആത്മാർത്ഥമായി ആഹ്വാനം ചെയ്യുന്നു.

പൗരസ്ത്യസഭകളുടെ സമൃദ്ധിയാർന്ന ആരാധനപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരിക്കണം,കാത്തുസൂക്ഷിക്കുകയും പോറ്റിവളർത്തുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവ്വം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർ തമ്മിൽ ഐക്യം കൈവരുത്താനും ഇതനുപേക്ഷണീയമായ ആവശ്യമാണെന്നവർ മനസിലാക്കണം.

**അവരുടെ സഭാഘടന**-പുരാതനകാലം മുതലേ പൗരസ്ത്യസഭകൾ സഭാപിതാക്കളാലും സഭൈക്യകൗൺസിലുകളാലും സൂനഹദോസുകളാലും അംഗീകരിക്കപ്പെട്ട തങ്ങളുടേതായ സഭാനിയമങ്ങളും ചട്ടങ്ങളും വച്ചുപുലർത്തിപ്പോന്നു. മുൻപറഞ്ഞതുപോലെ ആരാധനാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ദൃശ്യമായ ഈ വൈവിധ്യം യാതൊരു വിധത്തിലും തിരുസഭയുടെ ഐക്യത്തിന് പ്രതിസന്ധമാവില്ലെന്ന് മാത്രമല്ല, അതവളുടെ സൗന്ദര്യം വർദ്ധിപ്പിക്കുകകൂടി ചെയ്യും, അവളുടെ ദൗത്യനിർവഹണത്തിന് അത് ഒരു വലിയ സഹായവുമായിരിക്കും. സഭ മുഴുവനിലും ഉണ്ടാകേണ്ട ഐക്യത്തിന്റെ ആവശ്യകതയെ കണക്കിലെടുത്തുകൊണ്ട് സംശയത്തിന്റെ കരിനിഴലുകൾ പാടേ നീക്കിക്കളയാനായി ഈ പരിശുദ്ധ സൂനഹദോസ് ആഘോഷമായി പ്രഖ്യാപിക്കുന്നു. വിശ്വാസികളുടെ പ്രത്യേകതകളോടു പൊരുത്തപ്പെടുന്നതും ആത്മരക്ഷയ്ക്ക് ഏറ്റം പര്യാപ്തവുമായിത്തീരേണ്ടതിന് താന്താങ്ങളുടെ സ്വന്തമായ ശിക്ഷണം പാലിക്കുവാൻ അവകാശമുണ്ട്. അതോടൊപ്പം ആത്മാക്കളെ നന്മയിൽ പുരോഗമിപ്പിക്കാനും അതാവശ്യമാണ്. പലപ്പോഴും ആചരിക്കപ്പെടാതിരുന്നിട്ടുള്ള പരമ്പരാഗതമായ ഈ തത്വത്തിന്റെ പരിപൂർണ്ണമായ അനുഷ്ഠാനമാണ് ഏതൊരുവിധത്തിലുള്ള ഐക്യസ്ഥാപനത്തിനും സ്വീകരിക്കേണ്ട ആദ്യനടപടി.

(തുടരും)

നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ

# പ്രാർത്ഥനാധിഷ്ഠിത ജീവിതം



10

**(കഴിഞ്ഞ ലക്കം തുടർച്ച)**

58. പാപികളുടെ പ്രാർത്ഥന കർത്താവ് കേൾക്കുകയില്ല എന്നു വിശുദ്ധ ഗ്രന്ഥം ഓർമ്മിപ്പിക്കുമ്പോഴും പാപികൾ അനുതപിച്ചു തന്റെ പക്കലേക്കു മടങ്ങിയാൽ അവിടുന്നു അവരെ വാരിപ്പുണർന്നു അവർക്കു എല്ലാ അനുഗ്രഹങ്ങളും നൽകുമെന്നു ധൂർത്തപുത്രന്റെ കഥയിലൂടെയും (ലൂക്കാ 15:11-32) പാപിനിയായ സ്ത്രീക്കു മാപ്പുകൊടുത്തതിലൂടെയും (ലൂക്കാ 7:36-50) സക്കേവൂസിന്റെ ആതിഥ്യം സ്വീകരിച്ചതിലൂടെയുമൊക്കെ (ലൂക്കാ 19:1-10) യേശു വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ തന്നെ, പാപികൾ എപ്പോഴും തന്റെ പക്കലേക്കു മടങ്ങിവന്നു രക്ഷപ്പെടണമെന്നു ദൈവം ആഗ്രഹിക്കുന്നുണ്ട്. തന്മൂലമല്ലേ, "വരുവിൻ നമുക്കു രമ്യപ്പെടാം; നിങ്ങളുടെ പാപങ്ങൾ കടും ചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായി തീരും; അവ രക്തവർണമാണെങ്കിലും കമ്പിളി പോലെ വെളുക്കും" (ഏശയ്യാ 1: 18) എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നത്? അതെ, ദൈവം പാപികളുടെയും പ്രാർത്ഥന കേൾക്കുന്നവനാണ്. പക്ഷേ, അവർ തങ്ങളുടെ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കണമെന്നു മാത്രം.

59. നമ്മുടെ പ്രാർത്ഥന ഫലപ്രദമാകണമെങ്കിൽ പാപങ്ങളെക്കുറിച്ചു നാം പശ്ചാത്തപിക്കണം. എന്നാൽ, അതുപോലെ തന്നെ പ്രധാനപ്പെട്ട കാര്യമാണു ഉപവാസം അനുഷ്ഠിക്കുക എന്നതും. യേശു തന്റെ പരസ്യജീവിതത്തിനു മുൻപ് നാല്പതുദിവസം ഉപവാസമനുഷ്ഠിച്ചാണല്ലോ പ്രാർത്ഥിച്ചൊരുങ്ങിയത് (മത്തായി 4:11). മോശ നാല്പതു പകലും നാല്പതു രാവും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ പ്രണമിച്ചുകിടന്നു പ്രാർത്ഥിച്ചപ്പോഴാണ് ദൈവം ഇസ്രായേലിനു വേണ്ടിയുള്ള പ്രാർത്ഥന കേട്ടതെന്നു നിയമാവർത്തനപുസ്തകത്തിൽ (9:18) നാം വായിക്കുന്നുണ്ട്. ദാവീദിന്റെ പാപത്തിനു ദൈവം അദ്ദേഹത്തെ ശിക്ഷിച്ചപ്പോൾ ഉപവസിച്ചുകൊണ്ടാണ് അദ്ദേഹം പ്രാർത്ഥിച്ചത്. (2 സാമുവൽ 12:16). ഇസ്രായേൽ ജനം ശത്രുക്കളിൽനിന്നു രക്ഷപ്പെടുവാൻ വേണ്ടി "ഞങ്ങൾ ഉപവസിച്ചു ദൈവത്തോടു പ്രാർത്ഥിക്കുകയും അവിടുന്നു ഞങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു" എന്നു എസ്രായുടെ (8:23) പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. അന്നാ എന്ന പ്രവാചിക "ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞിരു"ന്നതുകൊണ്ടാണല്ലോ ഉണ്ണിയേശുവിനെ ജറുസലം ദേവാലയത്തിൽ വച്ചു കാണുവാനുള്ള ഭാഗ്യം അവർക്കു ലഭിച്ചത് (ലൂക്കാ 2:37). അതെ, ഉപവാസമനുഷ്ഠിച്ചുകൊണ്ടുള്ള പ്രാർത്ഥനയ്ക്കു വലിയ ശക്തിയുണ്ട്. അതു നാം മറന്നുകൂടാ.

60. ഉപവാസം പോലെ പ്രാർത്ഥനയ്ക്കു ശക്തിപകരുന്ന മറ്റൊരു ഘടകമാണു ദാനധർമ്മം. "ദാനധർമ്മം ചെയ്യുന്നതിൽ നീ മടികാണിക്കരുത്. പാവപ്പെട്ടവനിൽനിന്നു നീ മുഖം തിരിക്കരുത്. അപ്പോൾ ദൈവം നിന്നിൽനിന്നു മുഖം തിരിക്കുകയില്ല" (തോബിത്ത് 4:7) എന്നു ദൈവവചനം പറയുന്നു. കർത്താവിന്റെ നാമത്തിൽ ദരിദ്രർക്കും അനാഥർക്കും കൊടുത്താൽ നിന്റെ ദൈവമായ കർത്താവ് നീ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും നിന്നെ അനുഗ്രഹിക്കും എന്നാണു നിയമാവർത്തനത്തിൽ (14:29) നാം വായിക്കുന്നത്. എന്നാൽ ദാനധർമ്മവും മറ്റും നാം അവഗണിച്ചാലോ? "ദരിദ്രരുടെമേൽ കണ്ണടയ്ക്കുന്നവനു ശാപത്തിനു മേൽ ശാപമുണ്ടാകും" (സുഭാ. 28:27) എന്നാണു വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നത്. "ദരിദ്രന്റെ നിലവിളിക്കു ചെവികൊടുക്കാത്തവനു വിലപിക്കേണ്ടിവരും. കാരണം അവന്റെ നിലവിളിയും ആരും കേൾക്കുകയില്ല" (സുഭാ. 21:13) എന്നും ദൈവവചനം നമ്മെ അനുസ്മരിപ്പിക്കുന്നു. ദാനധർമ്മം ചെയ്യുന്നതുപോലെ തന്നെ നമ്മുടെ ശ്രദ്ധ അർഹിക്കേണ്ട കാര്യമാണു രോഗികളെയും ദുഃഖിതരെയുമൊക്കെ ആശ്വാസിപ്പിക്കുക എന്നത്. പ്രഭാഷകൻ പറയുന്നു: "കരയുന്നവനിൽ നിന്നു മുഖം തിരിക്കരുത്; വിലപിക്കുന്നവനോടുകൂടെ വിലപിക്കുക; രോഗിയെ സന്ദർശിക്കുന്നതിൽ വൈമനസ്യം കാണിക്കരുത്. അത്തരം പ്രവൃത്തികൾ നിന്നെ പ്രിയങ്കരനാക്കും" (7:34-35). " പാവപ്പെട്ടവർക്കു നൽകുന്നതു ദൈവത്തിനു കൃതജ്ഞതാബലി അർപ്പിക്കുന്നതിനു തുല്യം" (പ്രഭാ. 32:2) ആണെന്നും "ദാനധർമ്മം അത്യുന്നതന്റെ സന്നിധിയിൽ വിശിഷ്ടമായ കാഴ്ച" (തോബിത്ത് 4:11) ആണെന്നും ദൈവവചനം സാക്ഷ്യപ്പെടുത്തിയിരിക്കുന്നതുകൊണ്ടു നമ്മുടെ പ്രാർത്ഥനയോടൊപ്പം ഇമ്മാതിരി സത്കൃത്യങ്ങൾ ഉണ്ടെന്നു നാം ഉറപ്പുവരുത്തിയേ മതിയാകൂ. എങ്കിൽ മാത്രമേ നമ്മുടെ പ്രാർത്ഥന ശരിക്കും ഫലമണിയൂ.

> **"ഏലിയാ നമ്മെപ്പോലുള്ള ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കുവാൻ അവൻ തീക്ഷണതയോടെ പ്രാർത്ഥിച്ചു. ഫലമോ, മൂന്നു വർഷവും ആറു മാസവും മഴ പെയ്തില്ല. വീണ്ടും അവൻ പ്രാർത്ഥിച്ചു. അപ്പോൾ ആകാശം മഴ നൽകുകയും ഭൂമി ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു"**

## പ്രാർത്ഥനയുടെ ശക്തി

61. "നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്" എന്നു അനുസ്മരിപ്പിച്ചുകൊണ്ടു യാക്കോബ് ശ്ലീഹ എഴുതുന്നു: "ഏലിയാ നമ്മെപ്പോലുള്ള ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കുവാൻ അവൻ തീക്ഷണതയോടെ പ്രാർത്ഥിച്ചു. ഫലമോ, മൂന്നു വർഷവും ആറു മാസവും മഴ പെയ്തില്ല. വീണ്ടും അവൻ പ്രാർത്ഥിച്ചു. അപ്പോൾ ആകാശം മഴ നൽകുകയും ഭൂമി ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു" (യാക്കോബ് 5:16). ഏലിയാ പ്രാർത്ഥിച്ചപ്പോൾ മഴ നിലയ്ക്കുകയും പിന്നീടു മഴ പെയ്യുകയും ചെയ്തു. എന്നാൽ, അതിലേറെ അദ്ഭുതകരമാണ് മരിച്ച ഒരു ബാലനു ഏലിയായുടെ പ്രാർത്ഥന വഴി വീണ്ടും ജീവൻ കിട്ടി എന്നത് (1 രാജാക്കന്മാർ 17: 17-24). പ്രാർത്ഥന വഴി ഏലിഷാ പ്രവാചകനും മരിച്ച ഒരു ബാലനു പുനർജീവൻ നൽകിയതായി ബൈബിളിൽ നാം വായിക്കുന്നുണ്ട് (2 രാജാക്കന്മാർ 4: 3-36).

(തുടരും)

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ വി.സി.സെബാസ്റ്റ്യൻ



**കഴിഞ്ഞ ലക്കം തുടർച്ച...**

ഭാരതസഭയിൽ അല്മായ ശുശ്രൂഷകളെക്കുറിച്ചുള്ള വിചിന്തനങ്ങൾ ആരംഭിച്ചിട്ട് അനേക വർഷങ്ങളായി. സാധ്യമായ ഇടവകാ-രൂപതാ ശുശ്രൂഷകളുടെ നീണ്ട നിരതന്നെ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. എങ്കിലും ഇന്നും വൈദികന്റെ സാന്നിധ്യമില്ലെങ്കിൽ കുടുംബകൂട്ടായ്മകൾ പോലും കാര്യക്ഷമമായി നടക്കാത്ത സാഹചര്യം നമ്മുടെ ഇടയിലില്ലേ?

## അല്മായ സഭാ ശുശ്രൂഷ

ഇന്നത്തെ മാറുന്ന സഭാ പശ്ചാത്തലത്തിലും പുതുതായി കൈവരുന്ന അർത്ഥ വ്യാപ്തിയിലും ആരാണ് അല്മായ സഭാ ശുശ്രൂഷകർ? താഴെ പറയുന്നവയാണ് ഈ പ്രത്യേകതകൾ:

1) ഉത്തരവാദിത്വം നൽകപ്പെട്ടവർ (authorization): സഭാ നേതൃത്വം പരസ്യമായി ശുശ്രൂഷ ഭരമേൽപ്പിച്ചവരാണ് ഇവർ.
2) നേതൃത്വം നൽകുന്നവർ: സഭയിലെ വൈവിദ്ധ്യമാർന്ന ശുശ്രൂഷാമേഖലകളിലേതെങ്കിലും ഒന്നിലെങ്കിലും നേതൃത്വം കയ്യാളുന്നവർ.
3) സഹവർത്തികൾ: അജപാലന ദൗത്യത്തിൽ മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ എന്നിവരുടെ അടുത്ത സഹകാരികൾ.
4) രൂപീകരണം ലഭിച്ചവർ: ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വം പക്വതയോടെ നിർവഹിക്കാൻ അനുയോജ്യമായ പരിശീലനം സിദ്ധിച്ചവർ.

## c) വിളിയും പരിശീലനവും

## അല്മായ ശുശ്രൂഷയ്ക്കുള്ള വിളി

സഭയിൽ അല്മായനായി വ്യക്തമായ ശുശ്രൂഷാപാതയിലേയ്ക്ക് ദൈവം തന്നെ വിളിക്കുന്നു എന്ന് ഒരുവൻ കണ്ടെത്തുന്നതിന് അവന്റെ ദൈവാനുഭവവും, കുടുംബപശ്ചാത്തലവും ഇടവകാനുഭവവും സംഘടനാപ്രവർത്തന പരിചയവും ശുശ്രൂഷാ പ്രവർത്തന പരിചയവും സഹായമായിത്തീരും. ഇക്കാര്യത്തിൽ കത്തോലിക്കാ വിശ്വാസ പരിപോഷണ സംരംഭങ്ങൾക്കും പ്രത്യേക സ്ഥാനമുണ്ട്.

നമ്മുടെ മദ്ധ്യത്തിലുള്ള ഇടവകാ ചെറുസമൂഹങ്ങൾ, വിശ്വാസപ്രസ്ഥാനങ്ങൾ, എക്ലേസിയൽ സമൂഹങ്ങൾ, അജപാലന സമിതികൾ എന്നിവയ്ക്ക് അല്മായ സഭാശുശ്രൂഷകൾ വളർത്തുന്നതിൽ സുപ്രധാന പങ്കുണ്ട്.

ഒരു വ്യക്തിയുടെ ഉള്ളിലുദിക്കുന്ന ശുശ്രൂഷാ താൽപര്യത്തിന് സഭാസമൂഹം നൽകുന്ന പ്രോത്സാഹനവും മാർഗ്ഗദർശനവും ഈ വിളിയുടെ പരിപോഷണത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. ഒരു വൈദികനോ മെത്രാനോ മറ്റു സഭാ നേതൃത്വത്തിലുള്ള ആരെങ്കിലുമോ ഈ താല്പര്യം തിരിച്ചറിഞ്ഞ് ആ വ്യക്തിയെ സഭാശുശ്രൂഷയിലേയ്ക്കു വിളിക്കുക എന്നത് ഒരു സുപ്രധാന പടിയാണ്.

## അല്മായ ശുശ്രൂഷാ പരിശീലനം

സഭയിൽ താൽക്കാലികമോ സ്ഥായിയോ ആയ പ്രത്യേക സേവനത്തിന് സമർപ്പിതരാകുന്ന അല്മായർക്ക് അവരുടെ ഉത്തരവാദിത്വത്തിന് അനുയോജ്യമായ പരിശീലനം ലഭിക്കണമെന്ന് കാനോൻ നിയമം അനുശാസിക്കുന്നു (കാനോന.231). സഭയിൽ ഇന്ന് വൈദികർക്കും സമർപ്പിതർക്കും വിപുലമായ സേവനപരിശീലനം ലഭ്യമാണെങ്കിലും അല്മായരെ ഉന്നം വച്ചുള്ള പരിശീലനങ്ങൾ തീർത്തും വിരളമാണ്. ചുരുക്കം വേദപാഠ അദ്ധ്യാപക ഓറിയന്റേഷൻ ക്ലാസുകളും അപൂർവ്വം ദൈവശാസ്ത്ര കോഴ്സുകളും ഒഴിച്ചാൽ അല്മായ പരിശീലന വേദികൾ ഒന്നും തന്നെയില്ല എന്നു പറയാം.

പക്വമായ മാധ്യമോപയോഗവും, ദൈവവചനവും സഭാപ്രബോധനങ്ങളും ആധുനിക മനഃശാസ്ത്ര മാനേജ്മെന്റ് സങ്കേതങ്ങളും സമാനജീവിതസാഹചര്യങ്ങളിൽ നിന്നുള്ളവരുടെ നേതൃത്വവും ഒക്കെ കൈകോർക്കുന്നതാകണം ഈ നൂതനരൂപീകരണരീതി. പണ്ഡിതരുടെ സാമീപ്യവും സഹവാസവും പരിശീലനത്തിൽ പ്രധാനമെങ്കിലും സജീവസഭാശുശ്രൂഷയിലേയ്ക്ക് അല്മായരെ വെല്ലുവിളിക്കുന്നത് സമാനസാഹചര്യങ്ങളിൽ നിന്ന് സജീവസഭാശുശ്രൂഷ ചെയ്യുന്ന മറ്റ് അല്മായർ തന്നെയാണ് പോൾ ആറാമൻ മാർപാപ്പയുടെ വാക്കുകളിൽ, "ആധുനിക മനുഷ്യൻ അദ്ധ്യാപകരേക്കാൾ ജീവിതസാക്ഷ്യം നൽകുന്നവരെയാണ് കൂടുതൽ സന്നദ്ധതയോടെ ശ്രവിക്കുന്നത്".

ഇന്ന് സഭാപ്രവർത്തനങ്ങൾക്ക് മുന്നോട്ടുവരുന്ന അല്മായർക്ക് അത്യാവശ്യം സമ്പൂർണ്ണ വ്യക്തിയെ സ്പർശിക്കുന്ന ഒരു സമഗ്ര പരിശീലനമാണ്. അവന്റെ വികാരങ്ങളെയും ഭാവനയെയും ഹൃദയത്തെയും മനസിനെയും വിശ്വാസത്തെയുമൊക്കെ രൂപപ്പെടുത്തുന്ന നല്ലൊരു ശുശ്രൂഷാ തയ്യാറെടുപ്പ്.

ഏറെയൊന്നും സ്വാംശീകരിക്കപ്പെടാത്ത ഉപയോഗിക്കപ്പെടാത്ത വലിയ അല്മായ സമ്പത്തിന്റെ ഉടമകളാണ് നമ്മുടെ ഓരോ പ്രാദേശിക സഭാസമൂഹവും.

ഭാരതസഭയിൽ അല്മായ ശുശ്രൂഷകളെക്കുറിച്ചുള്ള വിചിന്തനങ്ങൾ ആരംഭിച്ചിട്ട് അനേക വർഷങ്ങളായി. സാധ്യമായ ഇടവകാ-രൂപതാ ശുശ്രൂഷകളുടെ നീണ്ട നിരതന്നെ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. എങ്കിലും ഇന്നും വൈദികന്റെ സാന്നിധ്യമില്ലെങ്കിൽ കുടുംബകൂട്ടായ്മകൾ പോലും കാര്യക്ഷമമായി നടക്കാത്ത സാഹചര്യം നമ്മുടെ ഇടയിലില്ലേ?

പ്രായോഗിക തലത്തിൽ അല്മായ ശുശ്രൂഷയെ ഒരു പ്രത്യേക വിളിയായി സഭയിൽ അംഗീകരിക്കപ്പെടുകയും ഈ വിളിയിലേയ്ക്ക് വ്യക്തികളെ നയിക്കുകയും കാര്യക്ഷമമായ പരിശീലനമൊരുക്കുകയും അങ്ങനെ പരിശീലനം സിദ്ധിച്ച അല്മായരെ രൂപതാധ്യക്ഷൻ കൃത്യതയോടെ ഉത്തരവാദിത്വം പൊതുസമൂഹത്തിന്റെ മുമ്പിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നതിനൊപ്പം ശുശ്രൂഷാവേദികളുടെ വ്യക്തമായ ക്രമീകരണവും ശുശ്രൂഷാ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

ആരാധനക്രമം, വിശ്വാസപരിശീലനം, വിദ്യാഭ്യാസം തുടങ്ങിയ വ്യക്തമായ അല്മായ മുന്നേറ്റത്തിന്റെയും അല്മായ ശുശ്രൂഷകളുടെയും ധാരാളം മേഖലകൾ ഇപ്പോൾ തന്നെയുണ്ട്. കൂടാതെ യുവജനപ്രവർത്തനങ്ങൾ, സാമൂഹ്യസേവനം, മാധ്യമ പ്രവർത്തനങ്ങൾ, പൊതുവേദിയിലെ മൂല്യബോധനം, സമൂഹത്തിന്റെ വിവിധ ശ്രേണികളിലെ സഭാപ്രവർത്തനങ്ങൾ, കൂട്ടായ്മ പരിപോഷണം തുടങ്ങി കൂടുതൽ കൂടുതൽ മേഖലകൾ ആധുനിക സമൂഹവും സംസ്കാരവും സഭയ്ക്കു മുമ്പിൽ തുറക്കുകയാണ്.

(തുടരും)

**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
Mobile: 9746085144



# സംശയരോഗത്തിൽ ജീവിതം തകരുമ്പോൾ

ഗീതയ്ക്ക് ഭർത്താവിനെ സംശയമാണെന്ന കാരണം പറഞ്ഞാണ് ഗീതയും ഭർത്താവുകൂടി കൗൺസിലിംഗിനെത്തിയത്. ഭർത്താവ് ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. ഇപ്പോൾ റിട്ടയർ ചെയ്തു. ഭർത്താവ് ജോലി ചെയ്തിരുന്നതിനടുത്തുള്ള ഒരു പാവപ്പെട്ട ടാപ്പിംഗ് തതൊഴിലാളിയുടെ മകളായിരുന്നു ഗീത. ഗീത അന്ന് പോസ്റ്റ് ഗ്രാജ്വേഷൻ പഠിക്കുകയായിരുന്നു. സൗന്ദര്യവും കഴിവുമുള്ള ഗീതയെ അയാൾ വിവാഹം കഴിച്ചു. ഗീതയുടെ വീട്ടുകാർ സമ്പന്നരല്ലാത്തതിനാൽ പല വിധത്തിലുള്ള കുത്തുവാക്കുകളും നിന്ദനങ്ങളും അവൾക്ക് അനുഭവിക്കേണ്ടിവന്നു. ഭർത്താവ് ഒന്നിനും ഗീതയുടെ അനുവാദം ചോദിച്ചിരുന്നില്ല എന്നു മാത്രമല്ല, ഒരഭിപ്രായത്തിനും വിലകല്പിച്ചിരുന്നുമില്ല. വിവാഹം കഴിഞ്ഞ് 3 മാസമായപ്പോൾ താൻ ഗർഭിണിയാണെന്ന് ഗീത സന്തോഷത്തോടെ ഭർത്താവിനെ അറിയിച്ചപ്പോൾ ഭർത്താവ് ദേഷ്യപ്പെട്ടു. നിനക്ക് പണത്തിന്റെ ബുദ്ധിമുട്ടൊന്നും അറിയേണ്ടല്ലോ. എനിക്കെന്റെ വീട്ടുകാരെയൊക്കെ സഹായിക്കാനുണ്ട്. അതുകൊണ്ട് ഇപ്പോൾ കുട്ടികളുണ്ടായാൽ ശരിയാവില്ല എന്നു പറഞ്ഞ് നിർബന്ധമായി ഡോക്ടറുടെ അടുത്ത് കൊണ്ടുപോയി അബോർഷൻ ചെയ്യിച്ചു. ഗീതയ്ക്ക് മനസിൽ അപ്പോൾ കടുത്ത വിദ്വേഷവും പകയുമുണ്ടായി. എങ്കിലും പുറത്തുകാട്ടാതെ കരഞ്ഞ് സമയം നീക്കി. മൂന്ന് വർഷങ്ങൾക്കുശേഷം ഒരു കുട്ടിയുണ്ടായി. കുട്ടിക്ക് ഒരു വയസ്സായപ്പോൾ വീണ്ടും ഗർഭിണിയായി. പക്ഷേ പഴയപല്ലവി തന്നെ ആവർത്തിച്ച് അതും ഗർഭച്ഛിദ്രം നടത്തി. അതിനുശേഷം മൂന്നുവർഷം കഴിഞ്ഞപ്പോൾ രണ്ടാമത്തെ കുട്ടിയുണ്ടായി. മക്കൾ രണ്ടും വിവാഹിതരായി. റിട്ടയർ ചെയ്ത് രണ്ടുപേരുംകൂടി താമസിക്കുന്നു.

മുൻകാലത്ത് ഭർത്താവ് ജോലിസ്ഥലത്തായിരുന്നപ്പോൾ ഗീതയെ കുറച്ചുദിവസം ഭർത്താവിന്റെ വീട്ടിൽ കൊണ്ടുനിർത്തി. അമ്മയും നാത്തൂനുംകൂടി എന്തെങ്കിലും കാര്യം പറഞ്ഞ് ഭർത്താവിനെ പ്രകോപിപ്പിക്കും. ഒരു ദിവസം ഗീതയും നാത്തൂനുംകൂടി നാത്തൂന്റെ എന്തോ ആവശ്യത്തിന് പുറത്തു പോയിരുന്നപ്പോഴാണ് രണ്ടാഴ്ചത്തെ ഇടവേളയ്ക്കുശേഷം ഭർത്താവ് ജോലിസ്ഥലത്തു നിന്നും വന്നത്. അവളെവിടെപ്പോയി എന്നു ചോദിച്ചപ്പോൾ ഞാനെങ്ങനാ അറിയുന്നത്, അവൾ തോന്നിയിടത്ത് പോയതായിരിക്കും എന്നുകൂടി പറഞ്ഞു. സത്യത്തിൽ അമ്മകൂടി പറഞ്ഞിട്ട് ഗീതയ്ക്ക് താല്പര്യമില്ലാതിരുന്നിട്ടുപോലും അമ്മയെ അനുസരിക്കാൻ കൂടെപ്പോയതാണ്. തിരിച്ചു റോഡിൽ നിന്നുള്ള നടകയറി മുറ്റത്തിനുതാഴെയെത്തിയപ്പോഴേയ്ക്കും ഭർത്താവ് ഓടിവന്ന് കരണത്ത് ഒരു അടികൊടുത്തിട്ട് കാലുകൊണ്ട് ചവുട്ടിത്താഴെയിട്ട് വീണ്ടും മർദ്ദിച്ചു. കാര്യമറിയാതെ കരഞ്ഞതല്ലാതെ അവൾക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. ഇതെല്ലാം അമ്മ ജനാലപ്പഴുതിലൂടെ നോക്കിനിൽപ്പുണ്ടായിരുന്നു. ഒരക്ഷരം മിണ്ടാതെ അവർ ഉള്ളിലേയ്ക്ക് വലിയുന്നതും ഗീത കണ്ടു. കൂടെവന്ന നാത്തൂനും തന്റെ ആവശ്യത്തിനാണ് പോയതെന്ന് പറയാൻ തയ്യാറായില്ല. കാരണം അമ്മ അവളെ വിളിച്ച് എന്തോ സ്വകാര്യം ഇതിനിടയിൽ പറഞ്ഞിരുന്നു.

ഇപ്പോൾ ഭർത്താവ് തികഞ്ഞ സാമൂഹ്യപ്രവർത്തകനായിരിക്കുകയാണ്. പലരെയും സഹായിക്കുന്നതിനിടയിൽ ചില വീടുകളിലും പോകാറുണ്ട്. അതിനെപ്പറ്റി ചില കൂട്ടുകാരികളൊക്കെ ഗീതയോടു മോശമായ അഭിപ്രായങ്ങൾ പറഞ്ഞുകേൾപ്പിക്കാൻ തുടങ്ങി. അടുത്ത ദിവസം ഇവർ രണ്ടുപേരുംകൂടി നടന്നുപോയപ്പോൾ ആ വീട്ടിലെ സ്ത്രീകൾ കള്ളച്ചിരിയോടെ നോക്കുന്നത് ഗീത കണ്ടുവെന്ന് അവൾ പറഞ്ഞു. തന്നെക്കൊണ്ടെയാക്കിയിട്ട് അത്യാവശ്യമുണ്ട് എന്നു പറഞ്ഞ് എങ്ങോട്ടോ പോകുകയും ചെയ്തു. അത് അവരെ കാണാനായിരിക്കും എന്ന് താൻ ഊഹിച്ചുവെന്നും ഗീത പറഞ്ഞു. പിന്നീട് നിസാരകാര്യങ്ങൾക്കും ഗീത ദേഷ്യപ്പെടുവാൻ തുടങ്ങി. സ്ത്രീകളോടു മിണ്ടുന്നതുകണ്ടാൽ മുഖംവീർപ്പിക്കും. പുറത്തുപോയിട്ട് വരാൻ താമസിച്ചാൽ സ്ത്രീകളുടെ അടുത്ത് പോയതായിരിക്കും എന്നു സംശയിച്ച് വഴക്കുണ്ടാക്കുകയോ മുഖംവീർപ്പിച്ചു മിണ്ടാതിരിക്കുകയോ ചെയ്യും. വീട്ടിൽ കുറച്ചുനാളായി മൂകതയാണ്. ഭർത്താവിന്റെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുത്തിട്ട് ഒഴിഞ്ഞുമാറിക്കഴിയുകയാണ് ഭാര്യ. ഭർത്താവിന്റെ ദേഷ്യം അടിക്കടി കൂടുകയും ചെയ്യുന്നു. ഈ അവസരത്തിലാണ് കൗൺസിലിംഗ് അനിവാര്യമാണെന്ന് തോന്നി അവർ വന്നത്.

താൻ അംഗീകരിക്കപ്പെടുന്നില്ല എന്ന തോന്നൽ വിവാഹത്തിന്റെ ആദ്യനാളുകളിൽ തന്നെ ഗീതയിൽ ഉണ്ടായിരുന്നു. രണ്ടു കുട്ടികളെ അബോർഷൻ ചെയ്തുകളഞ്ഞപ്പോൾ ഭർത്താവിനോട് വെറുപ്പുതോന്നാൻ തുടങ്ങി. എങ്കിലും പുറത്തുകാണിച്ചില്ല. ഭർത്താവ് ഉപദ്രവിക്കുകകൂടി ചെയ്തപ്പോൾ

**...തിരിച്ചു റോഡിൽ നിന്നുള്ള നടകയറി മുറ്റത്തിനുതാഴെയെത്തിയപ്പോഴേയ്ക്കും ഭർത്താവ് ഓടിവന്ന് കരണത്ത് ഒരു അടി കൊടുത്തിട്ട് കാലുകൊണ്ട് ചവുട്ടിത്താഴെയിട്ട് വീണ്ടും മർദ്ദിച്ചു. കാര്യമറിയാതെ കരഞ്ഞതല്ലാതെ അവൾക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.**

തന്നോട് ഭർത്താവിന് അല്പം പോലും സ്നേഹമില്ലെന്ന് അവൾ വിശ്വസിക്കുകയും ചെയ്തു. കുറച്ചുകാലം കൂടി കഴിഞ്ഞപ്പോൾ ഭർത്താവ് തന്നിൽനിന്ന് അകന്നുപോകുകയാണെന്ന തോന്നൽ അവളെ ഗ്രസിക്കുവാൻ തുടങ്ങി. അതുമൂലം സംശയങ്ങൾ വർദ്ധിക്കാനും തുടങ്ങി. സ്ത്രീകളോടു സംസാരിക്കുന്നതുപോലും സംശയദൃഷ്ട്യാ വീക്ഷിക്കാനും തുടങ്ങി. പല സംശയങ്ങളും അസ്ഥാനത്താണെന്ന് ബോധ്യപ്പെടുവാൻ കൗൺസിലിംഗ് സഹായിച്ചു. സൈക്കോ തെറാപ്പിയിലൂടെ മുൻപ് ഉണ്ടായിട്ടുള്ള ആന്തരിക ആഘാതങ്ങൾ മാറ്റിയെടുക്കുകയും ചെയ്തു.

LAITY VOICE



36

# ക്രിസ്തുവിലുള്ള ജീവിതം

കഴിഞ്ഞ ലക്കം തുടർച്ച...

**"ഗുരോ, നിത്യജീവൻ പ്രാപിക്കുന്നതിന് എന്ത് നന്മയാണ് ഞാൻ ചെയ്യേണ്ടത് (മത്താ.19:16)?"**

ഈ ചോദ്യം ചോദിച്ച യുവാവിന് യേശു മറുപടി നൽകി: "ജീവനിൽ പ്രവേശിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ കല്പനകൾ പാലിക്കുക." പിന്നീട് അവിടുന്ന് കൂട്ടിച്ചേർത്തു: "വന്ന് എന്നെ അനുഗമിക്കുക" (മത്താ.19:16-21). യേശുവിനെ അനുഗമിക്കുന്നതിൽ കല്പനകൾ പാലിക്കുക എന്നത് ഉൾക്കൊള്ളുന്നുണ്ട്. യേശു നിയമത്തെ ഇല്ലാതാക്കിയില്ല. അവിടുന്ന് തന്നിൽതന്നെ നിയമം പൂർണ്ണമായി സാക്ഷാത്കരിച്ചു. അതിന്റെ പൂർണ്ണമായ അർത്ഥം വെളിപ്പെടുത്തുകയും സനാതനത്വം ഉറപ്പിക്കുകയും ചെയ്തു. അതിനാൽ മനുഷ്യൻ ദൈവികഗുരുവിന്റെ വ്യക്തിത്വത്തിൽ നിയമം വീണ്ടും കണ്ടെത്താൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

**യേശു എങ്ങനെയാണ് നിയമത്തെ വ്യാഖ്യാനിക്കുന്നത്?**

നിയമത്തിന്റെ പൂർത്തീകരണമായ ഉപവിയുടെ രണ്ടുകല്പനകളെ ഒന്നാക്കിയിട്ട് യേശു അതിനെ വ്യാഖ്യാനിച്ചു: " നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രഥമവും പ്രധാനവുമായ കല്പന. രണ്ടാമത്തെ കല്പനയും ഇതിനു തുല്യം തന്നെ. അതായത്, നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സമസ്തനിയമവും പ്രവാചകന്മാരും അധിഷ്ഠിതമായിരിക്കുന്നു" (മത്താ.22:37-40)

**"ദെക്കലോഗ്" (Decalogue) എന്തർത്ഥമാക്കുന്നു?**

മലയാളത്തിൽ പത്തുകല്പനകൾ എന്ന തർജമ ചെയ്തിട്ടുള്ള ദെക്കലോഗിന് "പത്തുവാക്കുകൾ" എന്നാണർത്ഥം (പുറ.34:28). ഉടമ്പടിയുടെ പശ്ചാത്തലത്തിൽ മോശവഴി ദൈവം ഇസ്രായേൽ ജനത്തിനു നൽകിയ നിയമത്തെ ഈ വാക്കുകൾ പുനരവതരിപ്പിക്കുന്നു. ദൈവസ്നേഹത്തിന്റെയും അയൽക്കാരനോടുള്ള സ്നേഹത്തിന്റെയും കല്പനകൾ അവതരിപ്പിക്കുകവഴി, പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വിമോചിതമായ ഒരു ജീവിതമാർഗം തിരഞ്ഞെടുക്കപ്പെട്ട ജനത്തിനും സവിശേഷമായി ഓരോ വ്യക്തിക്കും ഇത് വരച്ചുകാട്ടുന്നു.

**"ദെക്കലോഗിന്" ഉടമ്പടിയുമായുള്ള ബന്ധം എന്താണ്?**

തന്റെ ഇഷ്ടമെന്തെന്ന് അറിയിച്ചുകൊണ്ട് തന്നെത്തന്നെ ദൈവം വെളിപ്പെടുത്തുന്ന ഉടമ്പടിയുടെ വെളിച്ചത്തിലാണ് "പത്തുവാക്കുകൾ" മനസിലാക്കാൻ കഴിയുന്നത്. ജനം ദൈവത്തോട് പ്രത്യേകം ചേർന്നു നിൽക്കുന്ന കാര്യം പ്രകാശിപ്പിക്കുന്നതും ദൈവത്തിന്റെ സ്നേഹസംരംഭത്തിന് നന്ദിയോടെ പ്രത്യുത്തരം നൽകുന്നതും കല്പനകൾ അനുസരിക്കുന്നതിലാണ്.

**"ദെക്കലോഗിന്" എന്തു പ്രാധാന്യമാണ് സഭ നൽകുന്നത്?**

വി.ഗ്രന്ഥത്തോടും യേശുവിന്റെ മാതൃകയോടും വിശ്വസ്തത പുലർത്തിക്കൊണ്ട് പത്തുവാക്കുകൾക്ക് സഭ അടിസ്ഥാനപരമായ പ്രാധാന്യവും അർത്ഥവും നൽകിയിരിക്കുന്നു. അവ അനുസരിക്കുവാൻ ക്രിസ്ത്യാനികളെ കടപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

**എന്തുകൊണ്ടാണ് "ദെക്കലോഗ്" ഒരു ജൈവൈക്യമായി രൂപപ്പെട്ടിരിക്കുന്നത്?**

പത്തുകല്പനകൾ ഒന്നിച്ച് ജൈവപരവും വേർതിരിക്കാനാവാത്തതുമായ ഒരു യാഥാർത്ഥ്യമായി സ്ഥാപിതമായിരിക്കുന്നു. എന്തെന്നാൽ ഓരോ കല്പനയും മറ്റുള്ള ഓരോന്നിലേയ്ക്കും പത്തുകല്പനകൾ മുഴുവനിലേയ്ക്കും നയിക്കുന്നു. അതിനാൽ, ഒരു കല്പന ലംഘിക്കുകയെന്നത് നിയമം മുഴുവനെയും ലംഘിക്കലാണ്.

**എന്തുകൊണ്ടാണ് "ദെക്കലോഗ്" ഗൗരവപൂർവ്വം കടപ്പെടുത്തുന്നത്?**

ദൈവത്തോടും അയൽക്കാരനോടുമുള്ള മൗലികമായ കടമകൾ വിവരിക്കുന്നതുകൊണ്ട് അവ ഗൗരവപൂർവ്വമായി കടപ്പെടുത്തുന്നവയാണ്.

**"ദെക്കലോഗ്" അനുസരിക്കുക സാധ്യമോ?**

അതെ. ക്രിസ്തു അവിടുത്തെ ആത്മാവിന്റെ ദാനത്തോടും അവിടുത്തെ കൃപയോടുംകൂടെ അവ അനുസരിക്കാൻ നമ്മെ കഴിവുള്ളവരാക്കുന്നതിനാൽ സാധ്യമാണ്. അവനെക്കൂടാതെ നമുക്കൊന്നും ചെയ്യാനാവില്ല.

## അദ്ധ്യായം ഒന്ന്

## "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസോടുംകൂടെ സ്നേഹിക്കുക"

**"നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു" (പുറ.20:2) കർത്താവിന്റെ ഈ പ്രസ്താവന എന്തർത്ഥമാക്കുന്നു?**

വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവിക പുണ്യങ്ങൾ മൂന്നും കാത്തുസംരക്ഷിക്കുകയും സാക്ഷാത്കരിക്കുകയും അവയ്ക്കെതിരായ പാപങ്ങൾ ഒഴിവാക്കുകയും ചെയ്യുക എന്നതാണിതിന്റെ അർത്ഥം.

**വിശ്വാസം**-ദൈവത്തിൽ വിശ്വസിക്കുന്നതും അതിനെതിരായിട്ടുള്ളവ, ഉദാഹരണത്തിന്, മനഃപൂർവ്വമായ സംശയം, വിശ്വാസരാഹിത്യം, പാഷണ്ഡത, വിശ്വാസത്യാഗം, മതപരമായ ഭിന്നത എന്നിവ ഒഴിവാക്കുന്നതുമാണ്.

**പ്രത്യാശ**-നിരാശയും ഔദ്ധത്യവും ഒഴിവാക്കിക്കൊണ്ട് വിശ്വാസപൂർവ്വം ദൈവത്തിന്റെ അനുഗ്രഹപ്രദമായ ദൈവദർശനവും അവിടുത്തെ സഹായവും കാത്തിരിക്കുന്നതാണിത്.

**ഉപവി**-എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുന്നു. അതിനാൽ നിസംഗത, നന്ദിഹീനത, മന്ദോഷ്ണതാവസ്ഥ, ആത്മീയ മന്ദത, അഹങ്കാരത്തിൽ നിന്നു ജനിക്കുന്ന ദൈവവിദ്വേഷം എന്നിവയെല്ലാം തള്ളിക്കളയുന്നു.

(തുടരും)

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

Published and edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com

SHAIJU.CHACKO7@GMAIL.COM

Private circulation